

# Holy Voice

## Parish Bullettin


### ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം

പി.ഒ.മാടായിക്കോണം 680 712, തൃശ്ശൂർ ജില്ല

ഫോൺ :0480 2822740

രക്ഷാധികാരി
**മാർ പോളി കണ്ണൂക്കാടൻ**
ഇരിങ്ങാലക്കുട രൂപത മെത്രാൻ

മാനേജിംഗ് എഡിറ്റർ
**റവ.ഫാ.ജോസ് മാളിയേക്കൽ**
ഫോൺ : 0480 2826192, 9446628250

പുസ്തകം 19　　ജനുവരി 2015



**എഡിററർ**
ജോർജ് എറാട്ടുകാരൻ 9605666658

**സെക്രട്ടറി**
ജോസഫ് കാച്ചപ്പിള്ളി 9400878280

**സബ്ബ് എഡിറ്റർ**
ജെസ്റ്റിൻ മംഗലത്ത് 9747552251

**അഡ്വെർടൈസ്മെന്റ് മാനേജർ:**
ജെയിംസ് നെല്ലിശ്ശേരി 9447466548

**ട്രഷറർ**
അനൂപ് ബേബി അറയ്ക്കൽ 9947272633

**എഡിറ്റോറിയൽ ബോർഡ്**
റവ.സി.ഡെൽസാ മരിയ FCC 2822935
ജോഷി മഞ്ഞളി 9895467530
ആന്റണി കള്ളാപറമ്പിൽ 9447240089
അനന്ത് അറയ്ക്കൽ 9846567891
ബീന തോമസ് ചേറേങ്ങാടൻ 9048244810
ക്രിസ്റ്റി പോളി ആഴ്ച്ചങ്ങാടൻ 9747941924

**ട്രസ്റ്റിമാർ**
ജോസ് ചെങ്ങാലൂക്കാരൻ 9747725558
ജോസഫ് കാച്ചപ്പിള്ളി 9400878280
സൈമൺ ചാക്കോര്യ 8547424191


പേജുകളിലൂടെ...


| | |
|---|---|
| ഇടവക ഡയറി | 2 |
| എഡിറ്റോറിയൽ | 3 |
| ഇടയശബ്ദ | 5 |
| മനുഷ്യരെ നേടുന്ന മുക്കുവന്മാർ | 9 |
| വിശുദ്ധരുടെ ജീവിതത്തിലൂടെ | 13 |
| ആരോഗ്യചിന്തകൾ | 15 |
| സഭാവാർത്തകൾ | 21 |
| ബാലപംക്തി | 23 |
| ജാലകത്തിലൂടെ | 25 |
| ക്വിസ് മത്സരം | 27 |
| ദമ്പതിസംഗമം 2014 | 29 |
| പിന്നിട്ട ലോകം | 31 |
| കവിതകൾ | 32 |
| നിങ്ങൾക്കറിയാമോ? | 33 |
| ദാമ്പത്യം | 35 |
| ബൈബിൾ കലണ്ടർ | 36 |





ഹോളി വോയ്സ്
ഹോളിക്രോസ് തീർത്ഥാടന ദൈവാലയം, മാപ്രാണം
പാരിഷ് ബുള്ളറ്റിൻ
ജനുവരി 2015

| തിയ്യതി | ഇടവക ഡയറി – ജനുവരി 2015 | സമയം |
|---|---|---|
| 01 | നവവത്സരാരംഭം, അമ്പുതിരുനാൾ കൊടിയേറ്റം | 6.30 a.m. |
| 02 | മാസാദ്യ വെള്ളിയാഴ്ച ആചരണ ശുശ്രൂഷകൾ | |
| 03 | വി. ചാവറയച്ചന്റെ തിരുനാൾ<br>രൂപം എഴുന്നള്ളിച്ചു വയ്ക്കൽ<br>വീടുകളിലേക്ക് അമ്പ് എഴുന്നള്ളിപ്പ്<br>അമ്പു പ്രദക്ഷിണങ്ങളുടെ സമാപനം | 7.30 a.m.<br><br>10.30 p.m. |
| 04 | പിറവിക്കാലം 2-ാം ഞായർ<br>വി. സെബാസ്ത്യാനോസിന്റെ അമ്പു തിരുനാൾ<br>ആഘോഷമായ തിരുനാൾ കുർബ്ബാന<br>തിരുനാൾ പ്രദക്ഷിണം | 10.30 a.m.<br>4.00 p.m. |
| 05 | മരിച്ചവരുടെ ഓർമ്മയാചരണം<br>മാർഗ് - ദശവത്സരാഘോഷങ്ങൾ | 5.30 p.m. |
| 06 | കർത്താവിന്റെ ദനഹാ തിരുനാൾ | |
| 07 | മദ്ധ്യസ്ഥ പ്രാർത്ഥനാഗ്രൂപ്പ് മീറ്റിംഗ് | 3.00 p.m. |
| 09 | വെള്ളിയാഴ്ച ആചരണ ശുശ്രൂഷകൾ | |
| 11 | ദനഹാക്കാലം 1-ാം ഞായർ<br>പ്രതിനിധിയോഗം | 8.00 a.m. |
| 16 | വെള്ളിയാഴ്ച ആചരണം | |
| 18 | ദനഹാക്കാലം 2-ാം ഞായർ<br>മാർഗ് - ജനറൽ ബോഡിയോഗം | 8.00 a.m. |
| 23 | വെള്ളിയാഴ്ച ആചരണം | |
| 25 | ദനഹാക്കാലം 3-ാം ഞായർ<br>ഫ്രാൻസിസ്കൻ അൽമായ സമൂഹം മീറ്റിംഗ് | 8.00 a.m. |
| 26 | ഭാരത റിപ്പബ്ലിക് ദിനം<br>ഉണ്ണിമിശിഹാ കപ്പേളയിൽ തിരുനാൾ<br>ഏകദിന ദിവ്യകാരുണ്യാനുഭവ ധ്യാനം | 5.30 p.m<br>9.00 a.m. |
| 30 | വെള്ളിയാഴ്ച ആചരണം<br>ലോക സമാധാന ദിനം | |

ഫാ. ജോസ് മാളിയേക്കൽ, വികാരി & റെക്ടർ

## വെള്ളിയാഴ്ച ആചരണം : തിരുക്കർമ്മങ്ങൾ ഏറ്റെടുത്തവർ

| | |
|---|---|
| 02-01-2015 | എരങ്ങത്തുപറമ്പിൽ അന്തോണി ഭാര്യ ലില്ലി |
| 09-01-2015 | അമ്പാടൻ വറീത് ഡെന്നി |
| 16-01-2015 | മാപ്രാണത്തുകാരൻ ആന്റു രേഷ്മ |
| 23-01-2015 | നായങ്കര ജോസ് ഭാര്യ ത്രേസ്യാമ്മ |
| 30-01-2015 | കുനൻ പോൾ ഭാര്യ ഫിലോമിന |

# എഡിറ്റോറിയൽ



പുതിയൊരു വർഷത്തിലേക്ക് നമ്മൾ പ്രവേശിക്കുകയാണ്. 2015ന്റെ പുലരികാണാൻ നമ്മെ അനുവദിച്ച ദൈവംതമ്പുരാന് നമുക്ക് നന്ദി പറയാം. പുതുവർഷത്തിലെ ആദ്യത്തെ ആഴ്ചയിൽ തന്നെ നമ്മുടെ അമ്പുതിരുനാളും നാം ആഘോഷിക്കുകയാണ്. വി. സെബാസ്റ്റ്യനോസിന്റെ ജീവിതകഥ നമുക്ക് സുപരിചിതമാണല്ലോ. ലോകത്തിന്റെ വിവിധഭാഗങ്ങളിലും എന്തിന്, ഭാരതത്തിൽപോലും ക്രൈസ്തവർ പീഢനങ്ങൾ ഏൽക്കുകയും വധിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വി. സെബാസ്റ്റ്യാനോസിന്റെ സ്മരണ പ്രതിസന്ധികളെ അതിജീവിക്കുവാൻ നമുക്ക് പ്രചോദനമരുളട്ടെ.

നമ്മുടെ ജീവിതത്തിൽ നിന്ന് 2014 പടിയിറങ്ങി പോയിരിക്കുന്നു. നമുക്കൊന്ന് തിരിഞ്ഞുനോക്കാം. ഞാനെന്ന വ്യക്തിക്ക് എന്റെ കുടുംബത്തോടും സമൂഹത്തോടും സർവ്വോപരി ദൈവത്തോടുമുള്ള കടപ്പാടിൽ എത്രത്തോളം കുറവുകൾ വന്നുപോയിട്ടുണ്ട്? ആ കുറവുകൾ പരമാവധി പരിഹരിച്ച് ക്രിസ്തുനാഥന്റെ നല്ല മക്കളായിതീരുവാൻ നമുക്ക് പരിശ്രമിക്കാം. 2015ൽ ഏതെങ്കിലും ഒരു തിന്മയിൽ നിന്ന് മോചിതനാകുമെന്ന് പ്രതിജ്ഞയെടുക്കാൻ നമുക്കാവുമോ? ഉദാഹരണത്തിന്, മദ്യം എന്റെ ബലഹീനതയാണെങ്കിൽ അതിൽ നിന്ന് ഞാൻ മോചിതനാകുമെന്ന പ്രതിജ്ഞ. മദ്യത്തിന് എത്ര അമിതമായി നികുതി വർദ്ധിപ്പിച്ചാലും, ആർക്കും പരാതിയുണ്ടാവുകയില്ലെന്ന് ഉറപ്പുള്ള സർക്കാരുകൾ! രാഷ്ട്രീയ നേതാക്കന്മാർക്കും ഉദ്യോഗസ്ഥ മേധാവികൾക്കും കോടികൾ കൈക്കൂലി കൊടുത്ത് മദ്യ വ്യാപാരം സുഗമമാക്കുന്ന കോൺട്രാക്ട്ടർമാർ! ഭീമമായ നികുതിയും കൈക്കൂലിയും കൊടുത്താലും മറ്റേതു ബിസിനസ്സിനേക്കാളും ലാഭം കുന്നുകൂട്ടാവുന്ന ബിസ്സിനസ്! എല്ലാറ്റിന്റേയും അടിസ്ഥാനം മലയാളി മറ്റേതു രാജ്യക്കാരേക്കാളും അമിതമായി മദ്യപിക്കും എന്ന സത്യമാണ്. എന്നാൽ ഉപഭോക്താവാണ് ഏറ്റവും ശക്തൻ - ഇക്കാര്യം നമ്മൾ തിരിച്ചറിഞ്ഞാൽ മാത്രം. മദ്യാസക്തിയിൽ നിന്ന് മോചിതരാകും എന്ന് തീരുമാനിച്ചുറപ്പിക്കാൻ നമുക്ക് കഴിഞ്ഞാൽ നമ്മുടെ കുടുംബം സന്തോഷിക്കും; കുടുംബത്തിൽ സമാധാനമുണ്ടാകും; നമ്മുടെ സാമ്പത്തിക സ്ഥിതി അഭിവൃദ്ധിപ്പെടും; മദ്യമുതലാളിക്ക് മാത്രമേ നഷ്ടബോധം തോന്നുകയുള്ളു. ഇതുപോലെ ഏതെങ്കിലും ഒരു തിന്മയിൽ നിന്നെങ്കിലും നാം മോചിതരാകും എന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.

ഐശ്വര്യസമ്പൂർണ്ണമായ ഒരു നല്ല വർഷം നമുക്കുണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. ഒപ്പം നമ്മുടെ രക്ഷകനായ യേശുവിനെ അറിഞ്ഞുകൊണ്ട് സ്നേഹിക്കാനും ആ സ്നേഹനാഥനോട് ചേർന്നുള്ള ഒരു ജീവിതം സ്വന്തമാക്കുവാനും ഏവർക്കും സാധ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സ്നേഹത്തോടെ, **ജോർജ്ജ് എറാട്ടുകാരൻ** (എഡിറ്റർ)

## 2014 ഡിസംബർ 07 ഞായർ

# ദമ്പതിസംഗമം 2014








യേശുവിൽ ഏറ്റവും പ്രിയപ്പെട്ടവരെ,

2015 – ഒരു പുത്തനാണ്ടിലേക്കു നമ്മൾ പ്രവേശിച്ചു കഴിഞ്ഞു. ജീവിതത്തിന്റെ നാൾ വഴികളിൽ ഒരു അദ്ധ്യായവും കൂടി കുറിച്ചിട്ട് 2014 നോട് നമ്മൾ വിടപറഞ്ഞു. പുതിയ വർഷം കഴിഞ്ഞ വർഷത്തേക്കാളും കുറച്ചുകൂടി മെച്ചപ്പെട്ടതാക്കി മാറ്റുവാനും ദൈവാനുഗ്രത്തിന്റെ നിറവിലേക്ക് വളരുവാനും നമ്മെ സഹായിക്കുന്ന ഒരു അനുഗ്രഹവർഷമാകട്ടെ.

പ്രായവും സമ്പത്തും, സൗകര്യങ്ങളും വർദ്ധിക്കുന്നതോടൊപ്പം ദൈവകൃപയിൽ വളരുവാനും നമുക്കു കഴിയണം. ഭൗതിക നേട്ടങ്ങളുടെ മാത്രം പിറകെ ഓടാതെ, നന്മയുടെ മൂല്യങ്ങൾ ഉൾക്കൊണ്ട് മാതൃകാപരമായ ജീവിതം വഴി ദൈവത്തെ സ്വന്തമാക്കുന്നവരാകാൻ നമുക്കു സാധിക്കണം. സോളമൻ രാജാവ് പ്രാർത്ഥിച്ചതുപോലെ എനിക്കു ജ്ഞാനം തരൂ എന്ന് നമുക്കും പ്രാർത്ഥിക്കാം. അതുവഴി നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് നന്മകൾ മാത്രം സ്വീകരിച്ച് നമുക്ക് കരുത്താർജ്ജിക്കാം.

പുതിയ വർഷം ഒത്തിരിയേറെ നന്മകളുടെ ഒരു നിറവർഷമാകണം. ഇന്ന് നമ്മുടെ സമൂഹം പലവിധത്തിലുള്ള മൂല്യച്യുതികൾക്ക് അടിമകളാണ്. നമ്മുടെ കുടുംബങ്ങളേയും സമൂഹത്തേയും കാർന്നുതിന്നുന്ന മദ്യാസക്തിയിൽ നിന്ന് മോചിതരാകുവാൻ നമുക്കു തീരുമാനിച്ചു കൂടെ? സ്കൂൾ കാലഘട്ടത്തിൽ തന്നെ മദ്യത്തിന്റെ രുചി അറിയുന്നവരാണ് ഇന്നത്തെ കുട്ടികളിൽ പലരും. കുറച്ചുകൂടി പ്രായമായാൽ ആൺകുട്ടികളും പെൺകുട്ടികളും മദ്യശാലകളിൽ കയറിയിറങ്ങുന്നവരായി തുടങ്ങി. കുറച്ചുകൂടി പ്രായമായവരുടെ കാര്യം പറയാനില്ല, അവർ വിദ്യാസമ്പന്നരാകട്ടെ വിദ്യാവിഹീനരാകട്ടെ, മദ്യത്തിന്റെ കരാളഹസ്തങ്ങളിൽ അവരുടെ കുടുംബങ്ങൾ തകർന്ന് തരിപ്പണമാകുന്നു. ഈ സാമൂഹ്യ തിന്മയ്ക്കെ

തിരെ നമുക്ക് ശക്തമായി പോരാടാം. നമ്മുടെ കുടുംബങ്ങളെ മദ്യ ലഹരി വിമുക്ത കുടുംബങ്ങളാക്കാം. അതിനുള്ള നിശ്ചയദാർഢ്യം നമുക്ക് സ്വീകരിക്കാം.

രണ്ടാമതായി, നമ്മുടെ വീടുകൾ, പരിസരങ്ങൾ, നമ്മോടടുത്തുള്ള പൊതുസ്ഥലങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കുന്നതിൽ നമുക്ക് അഭിമാനം കൊള്ളുന്നവരായിക്കൂടെ? കുട്ടികളുടെ പഠനത്തിനിടയിലും മുതിർന്നവരുടെ ജോലിത്തിരക്കുകൾക്കിടയിലും അതിന് സമയം കണ്ടെത്തുവാൻ കഴിയണം. ഇതിന് ചെറുപ്രായത്തിലുള്ള കുട്ടികൾക്ക്, മുതിർന്നവർ മാതൃകയാകണം. നമ്മുടെ വഴിയോരങ്ങളും പൊതുസ്ഥലങ്ങളും, മാസത്തിലൊരിക്കലോ മറ്റോ ആ സ്ഥലത്തിനടുത്തുള്ള കുടുംബാംഗങ്ങൾ ഒരുമിച്ചു ചേർന്ന് ഒരു ശ്രമദാനം നടത്തിയാൽ തന്നെ ആ സ്ഥലങ്ങൾ വൃത്തിയാകുന്നതോടൊപ്പം ആ കൊച്ചുസമൂഹത്തിന്റെ മനസ്സും ഹൃദയവും വൃത്തിയാകും. കൂട്ടായ്മ വർദ്ധിക്കുകയും ചെയ്യും എന്നുള്ളതു നിശ്ചയമാണ്, യാതൊരു സംശയവുമില്ല. നമ്മൾ മാലിന്യ കൂമ്പാരങ്ങൾ സൃഷ്ടിക്കുന്നവരാകാതെ മാലിന്യ വിമുക്തമായ ഹൃദയവും സ്ഥലങ്ങളും സൃഷ്ടിക്കുന്നവരാകാം.

ജനുവരി മാസത്തിന്റെ സവിശേഷതകളിൽ പ്രധാനമാണ് ജനുവരി 6 – നമ്മുടെ കർത്താവിന്റെ ദനഹാ തിരുനാൾ. ജനുവരി 4ന് നമ്മുടെ ഇടവകയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ അമ്പു തിരുനാളും നാം ആഘോഷിക്കുന്നു, ജനുവരി 26 ഭാരതത്തിന്റെ റിപ്പബ്ലിക് ദിനവും. യോർദ്ദാൻ നദിയിൽ വെച്ച് സ്നാപകയോഹന്നാനിൽ നിന്ന് മാമ്മോദീസ സ്വീകരിച്ച് ''ഇവൻ എന്റെ പ്രിയ പുത്രൻ ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു'' എന്ന ദൈവ പിതാവിന്റെ സ്വരം ശ്രവിച്ച് ഈ ലോകത്തിന്റെ നന്മക്കുവേണ്ടി മാത്രം പ്രവർത്തിക്കുവാൻ ഇറങ്ങി പുറപ്പെട്ടതിന്റെ വലിയ ഓർമ്മ. ആത്മാവിനാൽ നിറയപ്പെട്ട് ദരിദ്രരെ സുവിശേഷം അറിയിച്ച്, ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും നൽകി ദൈവത്തിന് സ്വീകാര്യമായ നാളുകളും പ്രഖ്യാപിച്ച് തന്റെ ദൗത്യം ആരംഭിച്ചതിന്റെ ഓർമ്മ. ഈശോയുടെ ജീവിതം നമുക്ക് മാതൃകയാക്കാം. മാമ്മോദീസയിലൂടെ ദൈവമക്കളായിത്തീർന്ന ഓരോ വ്യക്തിയുടെയും ജീവിതദൗത്യം ഇതുതന്നെ

യല്ലെ? ഇന്നത്തെ ഈ ലോകത്തിലും ഈ കാലഘട്ടത്തിലും നമ്മൾ ജീവിക്കുന്നത് ഇപ്രകാരമാകണം.

ക്രിസ്തുവിശ്വാസത്തിനുവേണ്ടിയും സഹോദര സ്നേഹത്തിനുവേണ്ടിയും രക്തസാക്ഷിത്വം വരിച്ച വിശുദ്ധ സെബസ്ത്യാനോസ് നമുക്ക് മാതൃകയാകണം. വിശ്വാസ വഴികളിലൂടെ നമുക്ക് യാത്ര ചെയ്യാം. സഹോദര സ്നേഹത്തിന്റെ മഹത്വം നമുക്കു പകർന്നു നൽകാം. നന്മയുടെ എല്ലാ വഴികളിലും സഹോദരങ്ങൾക്ക് നമ്മൾ സഹായികളാകണം. ഇടവക ഒരു സ്നേഹ സമൂഹമാകണം.

എല്ലാ മതങ്ങളെയും വിശ്വാസങ്ങളെയും ഉൾക്കൊള്ളുകയും ഏതു വിശ്വാസം സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യവും അതിനാവശ്യമായ സംരക്ഷണവും ചെയ്തുതരുമെന്ന് ഇന്ത്യൻ ഭരണഘടനയിൽ ഉറപ്പു നൽകുന്ന, മഹത്തായ സമ്പന്നവും ശ്രേഷ്ഠവുമായ മതേതര ജനാധിപത്യ ഭാരതത്തിന്റെ മക്കളെന്ന നിലയിൽ അഭിമാനിക്കുന്നതോടൊപ്പം ഈ അടുത്ത സന്ദർഭങ്ങളിൽ അതിനെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആവിഷ്ക്കാരങ്ങൾ അറിയാതെ കടന്നുപോകുന്നവരാകരുത് നമ്മൾ. എക്കാലവും മതേതരത്വ അഖണ്ഡ ഭാരതത്തിന്റെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി നിലകൊണ്ടവരാണ് നമ്മൾ. ക്രിസ്തുവിശ്വാസത്തിനു വേണ്ടി ഈയിടെ ജീവിതം സമർപ്പിച്ച രക്തസാക്ഷികളുടെ പാതയാകണം ഭാരതീയരും ക്രൈസ്തവരുമായ നമ്മുടേതും.

സഭയുടെ സാമൂഹിക പ്രതിബദ്ധത മനസ്സിലാക്കി നമ്മുടെ ഇടവകയിൽ സ്ഥാപിതമായ മാർഗിന്റെ (മാർസ്ലീവാ അസ്സോസിയേഷൻ ഫോർ റൂറൽ ഗൈഡൻസ്) ദശവത്സരാഘോഷം ജനുവരി 5-ാം തിയ്യതിയാണ് നടത്തപ്പെടുന്നത്. കുരിശുമുത്തപ്പനിൽ നിന്നു ലഭിച്ച അനുഗ്രഹങ്ങൾക്കു നന്ദിയായി സമർപ്പിക്കപ്പെടുന്ന വലിയ മെഴുകുതിരികൾ സംലഭ്യമാക്കിയും ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് നന്മ ചെയ്തും മാർഗ്ഗിന്റെ പ്രവർത്തനം ഉത്തരോത്തരം അഭിവൃദ്ധിപ്പെടുവാൻ ഇടയാകട്ടെയെന്നു നമുക്ക് പ്രാർത്ഥിക്കാം.

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ. നമ്മുടെ കർത്താവിന്റെ ദനഹാ തിരുനാളിന്റെയും വി. സെബസ്ത്യാനോസിന്റെ രക്തസാക്ഷിത്വ ഓർമ്മ തിരുനാളിന്റെയും പ്രാർത്ഥനാശംസകളോ

ടൊപ്പം ഭാരത റിപ്പബ്ലിക് ദിനാശംസകൾ നേരുകയും ചെയ്യുന്നു.

വിശുദ്ധ കുരിശിന്റെ തീർത്ഥാടന കേന്ദ്രമായ നമ്മുടെ ദൈവാലയത്തിന്റെ സവിശേഷ പ്രാധാന്യം ഉൾക്കൊണ്ട് അനുഗ്രഹീതരാകുവാൻ ഈ വർഷം നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

വിശുദ്ധ കുരിശിന്റെ സംരക്ഷണയിൽ, യേശുവിൽ സ്നേഹപൂർവ്വം

**ഫാ. ജോസ് മാളിയേക്കൽ,** വികാരി & റെക്ടർ




462 വർഷം മുമ്പ് സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിലെത്തിയ വി. ഫ്രാൻസീസ് സേവ്യറിന്റെ ഇഹലോക ശരീരം കണ്ടുവണങ്ങുന്നതിന് ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കലുമൊത്ത് തീർത്ഥാടനം നടത്തിയവർ, മാതാവിന്റെ സംരക്ഷണയിലുള്ള പള്ളിയിൽ വികാരിയച്ചൻ അർപ്പിച്ച ദിവ്യബലിയ്ക്കുശേഷം:
ജനുവരി 14ന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന വാ. ജോസഫ് വാസ് ജനിച്ചത് ഈ ദൈവാലയത്തിന് സമീപമുള്ള അമ്മ വീട്ടിലാണ്. വീടിരുന്ന സ്ഥലത്ത് ഇപ്പോൾ ഒരു കപ്പേളയാണുള്ളത്. ഈ കപ്പേളയും തീർത്ഥാടകർ സന്ദർശിച്ചു.



# മനുഷ്യരെ നേടുന്ന മുക്കുവന്മാർ



ഫാ. ജോൺസൺ തളിയത്ത്
സി. എം. ഐ.
മഡഗാസ്കർ

യേശു അവരോടു പറഞ്ഞു. "എന്നെ അനുഗമിക്കുവിൻ. ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം". (മത്താ. 4:19)

## കാണുന്നതിനേക്കാൾ കാണാത്തവയാണ് യാഥാർത്ഥ്യങ്ങൾ

മലഗാസി ഭാഷ പഠിച്ചു ഉപയോഗിച്ചു തുടങ്ങിയ കാലം. പ്രൊവിൻഷ്യാളായിരുന്ന ബഹു .റോബർട്ട് എടാട്ടുകാരനച്ചൻ 1998 ൽ ഞങ്ങളെ കാണാൻ മഡഗാസ്കറിലെത്തി. കൃഷിയൊന്നുമില്ലാതെ, വിശാലമായി പരന്നുകിടക്കുന്ന പ്രദേശങ്ങൾ കണ്ടപ്പോൾ കേരളത്തിൽ വളർന്ന അച്ചനത് സഹിക്കാനായില്ല. അച്ചൻ പറഞ്ഞു "ഇവിടെ കുറച്ച് തെങ്ങെങ്കിലും വച്ചു പിടിപ്പിച്ചുകൂടെ? " നഗരങ്ങളിൽ ജനങ്ങൾ കൂടുതലാണെങ്കിലും ഗ്രാമങ്ങളിലേക്കുള്ള കിലോമീറ്ററുകൾ വിജനങ്ങളാണ്. കേരളത്തിന്റ അഞ്ചിരട്ടി വലിപ്പമുണ്ടെങ്കിലും, പകുതിയോളം ജനസംഖ്യയേ ഇവിടെയുള്ളു. ജലസേചന പദ്ധതികളും കമ്മിയാണ്. ഈ വിശാലതയിൽ തെങ്ങു വെക്കാൻ എവിടെ നിന്ന് ആളെ കിട്ടാൻ!

പ്രൊവിൻഷ്യാളച്ചന്റെ ആഗമനത്തോടനുബന്ധിച്ച് ഇടവകപള്ളിയിൽ സ്വീകരണമുണ്ടായിരുന്നു. പള്ളിയിൽ തടിച്ചുകൂടിയ അജഗണത്തോട് പ്രൊവിൻഷ്യാളച്ചൻ പ്രസംഗിച്ചു. പ്രസംഗം തർജ്ജമ ചെയ്തു പറയാൻ നിയോഗിക്കപ്പെട്ടത് ഞാനായിരുന്നു. അച്ചൻ പറഞ്ഞത് എല്ലാം എനിക്കു മനസ്സിലായി.പറഞ്ഞത് നമ്മുടെ മാതൃഭാഷയിലായിരുന്നല്ലൊ. പക്ഷെ ഞാൻ പറഞ്ഞത് ജനങ്ങൾക്ക് മനസ്സിലായൊ എന്നൊരു സംശയം അവർക്കും പ്രൊവിൻഷ്യാളച്ചനും തോന്നി. ഫലം, കുർബാന കഴിഞ്ഞപ്പോൾ പ്രൊവിൻഷ്യാളച്ചൻ അനുവാദം തന്നു, മലഗാസി ഭാഷ ആഴത്തിൽ പഠിക്കുവാൻ. ഒരു കിലോമീറ്റർ ആഴമില്ലാതെ പരന്നുകിടക്കുന്ന കടൽ കണ്ടിട്ട് കിലോമീറ്ററുകൾ ആഴമുള്ള സമുദ്രം കണ്ടു എന്നു വിചാരിക്കുന്നത് നമ്മൾ തന്നെയല്ലെ?

സത്യത്തിന്റെ കാര്യത്തിലെന്നതുപോലെത്തന്നെയാണ് സൗന്ദര്യത്തിന്റെ കാര്യത്തിലും. കണ്ണിൽപ്പെടുന്ന സൗന്ദര്യത്തെക്കാൾ മനോഹരങ്ങളാണ് കണ്ണിൽപ്പെടാത്ത സൗന്ദര്യങ്ങൾ! പല ദേവാലയങ്ങളിലും കാണുന്നതുപോലെ അങ്കിലിസാത്തുവിലും ധാരാളം ഭക്തസ്ത്രീകളുണ്ട്. കറുത്തവരും, വെളുത്തവരും, അംഗവൈകല്യം സംഭവിച്ചവരും, കണ്ണുകളുടെ ലക്ഷ്യം വ്യത്യസ്ത ദിശയിലേക്ക് തിരിഞ്ഞിരിക്കുന്നവരും, മൂക്ക് നീളം കുറഞ്ഞുപതിഞ്ഞിരിക്കുന്നവരും മുടി നീളമില്ലാതെ സ്പ്രിംഗ് പോലെ തല

യോട് ഒട്ടിചേർന്നിരിക്കുന്നവരും, എല്ലാവരും ഈ ഗണത്തിലുണ്ട്. കണ്ണുക ളുടെ വിശപ്പടക്കുന്ന സൗന്ദര്യം ഇവർക്ക് ദാനം ചെയ്യാനില്ലെങ്കിലും ഹൃദ യത്തെ നിറക്കുന്ന പലതും ഇവരിലുണ്ട്. അതു കണ്ടെത്തുന്നതു കൊണ്ടാ ണല്ലോ കാക്കയും കൊക്കും എന്നു നാം വിചാരിക്കുന്ന പലരും സ്നേഹ ത്തിന്റെ കുദാശയിലൂടെ ഒന്നാകുന്നതും സന്തോഷത്തോടെ ഒരുമിച്ചു ജീവി ക്കുന്നതും.

ഒരു കാൽ പോളിയോ ബാധിച്ച് വികലാംഗയായവളാണ് ഞങ്ങളുടെ ഒരു ഭക്ത സ്ത്രീ. 1200 കിലോമീറ്ററുകൾക്ക് അകലെ നിന്നും ഉപജീവ നാർത്ഥം കുടുംബത്തോടൊപ്പം ഞങ്ങളുടെ ഗ്രാമത്തിലേക്ക് കുടുമാറിയവൾ. ഒരു ദിവസവും കുർബാന മുടക്കാറില്ല. നടക്കാനുള്ള ബുദ്ധിമുട്ടുമൂലം കുർബാ നക്കു ശേഷം അടുത്തുള്ള ചന്തയിലെ പതിവുള്ള അരിക്കച്ചവടവും കഴിഞ്ഞ് വൈകിട്ടേ വീട്ടിലെത്താറുള്ളു. പള്ളിയിൽ എന്തെങ്കിലും പരിപാടിയുണ്ടെ ങ്കിൽ വളരെ തിരക്കുള്ള ചന്തദിവസങ്ങളായാൽപ്പോലും, പെട്ടെന്നു കിട്ടാ വുന്ന ലാഭങ്ങൾ വേണ്ടെന്നു വച്ച് എല്ലാ പരിപാടികളിലും മുൻപന്തിയിലു ണ്ടാകും. പുറത്തുള്ള ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷണത്തിനു പോകു മ്പോൾ സാധിക്കുമെങ്കിൽ അവിടെയെത്തി കർത്താവിനു സാക്ഷ്യം നല്കാനും തീഷ്ണത കാണിക്കാറുണ്ട്. ഞായറാഴ്ചകളിൽ ഗ്രാമങ്ങളിലെ കുട്ടികളെ പ്രോൽസാഹിപ്പിച്ച് കുർബാനക്കു കൊണ്ടു വരുമെന്നു മാത്രമല്ല, കുർബാനക്കിടയിൽ കുട്ടികൾക്കിടാനുള്ള നേർച്ചപണം സ്വന്തം മടിശീലയിൽ നിന്ന് വിതരണം ചെയ്ത്, നേർച്ചയിടാൻ പ്രോൽസാഹിപ്പിക്കുകയും ചെയ്യും. ഇത്തരം സുവിശേഷ പ്രഘോഷണം നടത്തുന്ന പലരുമുണ്ടിവിടെ. മറ്റുള്ള വരെ ദൈവത്തിലേക്ക് ആകർഷിക്കുന്ന ഇത്തരം കുറച്ചുപേരുണ്ടെങ്കിൽ ഏതു ദേവാലയത്തിന്റെ സൗന്ദര്യമാണ് വർദ്ധിക്കാതിരിക്കുക! ദൈവത്തിലേക്ക് നമ്മെ ആകർഷിക്കുന്നതാണ്,അടുപ്പിക്കുന്നതാണ് യഥാർത്ഥ സൗന്ദര്യം. അതേ സമയം ദൈവത്തിൽ നിന്ന് നമ്മെ വികർഷിപ്പിക്കുന്നതും അകറ്റുന്ന തുമായ സൗന്ദര്യമാണ് ചീത്തയും അപകടകരവും.

**ഒരു കുടുംബസന്ദർശനം**

ഗ്രാമത്തിൽ കുടുംബസന്ദർശനവും തിരുഹൃദയ പ്രതിഷ്ഠയും നട ക്കുന്ന സമയം. ഇവിടെ പല ഭവനങ്ങളും അന്താരാഷ്ട്ര സമൂഹങ്ങളാണ്, എന്നുപറഞ്ഞാൽ ലോകത്തിന്റെ പല ഭാഗങ്ങളിലുള്ള വ്യത്യസ്ഥ മതങ്ങളും വിശ്വാസങ്ങളും പിൻതുടരുന്നവർ ഒരേ മേൽക്കൂരയുടെ കീഴിൽ അപ്പനും അമ്മയും മക്കളുമായി കഴിയുന്നു. ഒരാൾ കത്തോലിക്ക, വേറൊരാൾ പ്രൊട്ട സ്റ്റന്റ്, ഇനിയൊരാൾ മുസ്ലീം, ഇങ്ങിനെ പോകുന്നു ഒരേ വീട്ടിലെ കുടും ബാംഗങ്ങൾ. നൂറു ശതമാനവും കത്തോലിക്കരായുള്ള കുടുംബങ്ങൾ അധി കമില്ല. അതുകൊണ്ടുതന്നെ കുടുംബപ്രാർത്ഥനയുടെ പ്രസക്തി കുറയുന്നു.

ചില സ്കൂളുകളില്ലെ 100% പരീക്ഷാവിജയം കൊയ്തെടുക്കുന്നവർ. അന്വേഷിച്ചു ചെല്ലുമ്പോൾ അറിയാൻ കഴിയും, രണ്ടു കുട്ടികളേ പരീക്ഷ യെഴുതിട്ടുള്ളു എന്ന്. അവർ രണ്ടുപേരും ജയിച്ചു, നൂറുശതമാനം

വിജയവുമായി. ഇതുപോലെ നൂറുശതമാനം കത്തോലിക്ക വിശ്വാസമുള്ള ഒരു ഭവനത്തിൽ സന്ദർശനത്തിനെത്തിയപ്പോൾ മനസ്സിലായി, അവിടെ ഒരു ഭക്ത സ്ത്രീ മാത്രമേ കുടുംബാംഗമായുള്ളു എന്ന്. എങ്കിലും നൂറുശതമാനം കത്തോലിക്ക ഭവനമാണല്ലോ എന്ന സന്തോഷത്തിൽ അകത്തു കയറാൻ നോക്കിയപ്പോൾ വാതിൽ കാണാനില്ല. ഭക്ത സ്ത്രീ മൊഴിഞ്ഞു "അച്ചൻ പുറത്തു നിന്നു വെഞ്ചിരിച്ചാൽ മതിയാകും" കാരണം അവർ അവിടെ വാട കക്കു താമസിക്കുന്നവളാണ്. ഒരൊറ്റ വാതായനമേ രണ്ടു മുറികളുള്ള ആ ഭവനത്തിനുള്ളു. വീട്ടുടമസ്ഥയുടെ ജീവിത ഭാരം ലഘൂകരിക്കുവാൻ വീടിന്റെ പകുതി വാടകക്കു കൊടുത്തു. രണ്ടാമത്തെ മുറിക്ക് പുറത്തുനിന്നു വാതി ലില്ലെങ്കിലും ജനലുണ്ട്. അതിലൂടെയാണത്രെ നമ്മുടെ നൂറുശതമാനം കത്തോലിക്കാ കുടുംബം അകത്തു പ്രവേശിക്കുന്നതും പുറത്തോട്ടു വരു ന്നതും. ജനലിലൂടെയാണെങ്കിലും അകത്തുകയറി മുറി വെഞ്ചിരിക്കാനുള്ള എന്റെ ആഗ്രഹവും സന്നദ്ധതയും കണ്ടപ്പോൾ വർദ്ധിച്ച സന്തോഷത്തോടെ ആ സാധു എന്നെ ഉള്ളിലേക്ക് ക്ഷണിച്ചു. കൂടെ വന്നവർ എന്നെ പൊക്കി ജനലിലൂടെ അകത്തേക്കിട്ടു. എത്ര സന്തോഷമായിരുന്നു ആ പാവം സ്ത്രീക്ക്! ഏശയ്യ പ്രവാചകന്റെ പുസ്തകം 40-ാം അധ്യായത്തിൽ പറയുന്നു, "കർത്താവിനെ ആശ്രയിക്കുന്നവർ തളരില്ല. തളർന്നവന് അവിടുന്ന് ബലം നൽകുന്നു. ദുർബ്ബലന് ശക്തി പകരുകയും ചെയ്യുന്നു". (ഏശയ്യ 40:29) അവ രേയും നമ്മെയും ആകർഷിക്കുന്നതും അവസാനംവരെ പിടിച്ചു നിൽക്കാൻ സഹായിക്കുന്നതും ഈ ദൈവിക സൗന്ദര്യം തന്നെയാണല്ലോ! (തുടരും)

---

# പരിശുദ്ധ വിജയമാതാവിനോടുള്ള നൊവേന

കരുണാർദ്രയായ പരിശുദ്ധ വിജയമാതാവേ, അങ്ങേ അതിശക്തമായ മാദ്ധ്യസ്ഥ്യ സഹായം ഞങ്ങൾ യാചിക്കുന്നു. പ്രിയ പുത്രനായ ഈശോയുടെ മേൽ അമ്മയ്ക്കുള്ള അസാധാരണമായ സ്വാധീനശക്തിയിൽ ഞങ്ങൾ ശര ണപ്പെടുന്നു. കാനായിലെ കല്യാണവിരുന്നിലേക്ക് കടന്നു വന്ന് ആ കുടും ബത്തെ അപമാനകരമായ സാഹചര്യത്തിൽ നിന്ന് രക്ഷിച്ച അമ്മേ, മക്കൾക്ക ടുത്ത സ്വാതന്ത്ര്യത്തോടും വിശ്വാസത്തോടും കൂടെ ഞങ്ങളങ്ങയിൽ അഭയം കണ്ടെത്തുന്നു. നരക സർപ്പത്തിന്റെ തല തകർത്ത മാതാവേ, ഞങ്ങളിലും ഞങ്ങളുടെ കുടുംബങ്ങളിലും അസ്വസ്ഥത നിറക്കുന്ന സകല തിന്മകളുടെ ശക്തികളേയും അമ്മ തകർക്കണമെ, പ്രത്യേകിച്ച് ഞാനിന്ന് അമ്മയോട് യാചിക്കുന്ന ഈ ആവശ്യങ്ങൾക്കു വേണ്ടി (ആവശ്യം പറയുക) ഈശോ യോട് പ്രാർത്ഥിക്കണമെ. പരി. വിജയമാതാവേ, ഞങ്ങളിപ്പോൾ അഭിമുഖീ കരിച്ചു കൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങളും തരണം ചെയ്യുവാനുള്ള കൃപയും ഈശോയിൽ നിന്ന് വാങ്ങിച്ചു തരണമേ. ആമ്മേൻ.

(ഒരു വിശ്വാസി)  (1 സ്വർഗ്ഗ.3 നന്മ.1 ത്രിത്വ.)

# വിശുദ്ധരുടെ ജീവിതത്തിലൂടെ...



## വി.ജെരാർദ് മജല്ല

സി. ഡെൽസ മരിയ FCC,
മാപ്രാണം



തയ്യൽകാരനായ ദൊമിനിക്കോയുടേയും ബതെദെത്താ ഗലെല്ലയുടേയും ദാമ്പത്യവല്ലരിയിൽ വിടർന്ന അഞ്ചുമക്കളിൽ ആദ്യത്തെതാണ് ജെരാർദ് മജല്ല. 1726 ഏപ്രിൽ 7-ാം തിയ്യതി തെക്കേ ഇറ്റലിയിലെ മുരോപ്പട്ടണത്തിലാണ് മജല്ല ജനിച്ചത്. "അവൻ സ്വർഗത്തിനു വേണ്ടി ജനിച്ചവനാണ്" എന്നാണ് അമ്മ മജല്ലയെകുറിച്ച് പറഞ്ഞിരുന്നത്. അതിരാവിലെ വി. ബലിയിൽ സംബന്ധിക്കുവാനും സുകൃതാനുഷ്ഠാനങ്ങളിൽ വളരുവാനും ദൈവസ്നേഹാഗ്നിയാൽ ജ്വലിക്കുവാനും അമ്മ മകനെ ശീലിപ്പിച്ചു.

നന്നേ ചെറുപ്പത്തിലേ പിതാവ് മരിച്ചതിനാൽ കുടുംബത്തെ പോറ്റാൻ തയ്യൽ ജോലിയിൽ വ്യാപൃതനായതിനാൽ വിദ്യാഭ്യാസത്തിന് അവസരമുണ്ടായിരുന്നില്ല. തയ്യൽ കടയിലെ കാര്യസ്ഥന്റെ ക്രൂര മർദ്ദനവും ശകാരങ്ങളും നിത്യവും കേൾക്കേണ്ടിവന്നിരുന്നു. ഒരിക്കൽ പോലും മറുവാക്കുപറയാതെ എളിമയിലും വിധേയത്വത്തിലും ജോലിയിൽ വിശ്വസ്തനായിരുന്ന മജല്ലക്ക് ഒരുനാൾ മിഖായേൽ മാലാഖ പ്രത്യക്ഷപ്പെട്ട് ശക്തിയും പ്രചോദനവും നൽകി. ഇത് മജല്ലയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. വേദനിക്കുന്ന രോഗികളെ ശുശ്രൂഷിക്കുവാനും അഗതികൾക്ക് സഹായം നൽകുവാനും ഏറെ സമയം കണ്ടെത്തിയിരുന്നു, അതിൽ ആനന്ദം കൊണ്ടിരുന്നു. സന്യാസഭവനങ്ങളിൽ മുട്ടിയെങ്കിലും വിദ്യാഭ്യാസമില്ലാതിരുന്നതിനാൽ ആരും സ്വീകരിക്കാൻ തയ്യറായിരുന്നില്ല.

വൈദികനാകുവാൻ സ്വീകരിക്കുന്നില്ലെങ്കിൽ സഹോദരനോ പരിചാരകനോ ആയി തന്നെ സ്വീകരിക്കണമെന്ന മജല്ലയുടെ ആഗ്രഹത്തിന് ദിവ്യരക്ഷക സഭയിലെ ആശ്രമശ്രേഷ്ഠൻ അനുമതി നൽകി. അങ്ങനെ 1752 മെയ് 17ന് ജരാർദ് മജല്ല ദിവ്യരക്ഷസഭയിൽ സ്വീകരിക്കപ്പെട്ടു. അനുസരണ, നിഷ്കളങ്കത എന്നീ ഗുണങ്ങളുടെ മാതൃകയായിരുന്നു മജല്ലയുടെ ജീവിതം. തോട്ടക്കാരൻ, ശുശ്രൂഷകൻ, ചുമട്ടുകാരൻ, അലക്കുകാരൻ, കണക്കെഴുത്തുകാരൻ എന്നീ നിലകളിൽ മജല്ല പ്രദർശിപ്പിച്ച സാമർത്ഥ്യം അസാധാരണം തന്നെയായിരുന്നു. മേലധികാരികൾക്കെതിരെ പിറുപിറുക്കാതെ അവരുടെ കല്പനകൾ അക്ഷരം പ്രതി അനുസരിച്ചിരുന്നു.

പ്രേഷിത ജോലിയിൽ ജെരാർദിന് അനന്യസാധാരണമായ വൈഭവ

മുണ്ടായിരുന്നു. സേവനവും സഹനവുമായിരുന്നു അദ്ദേഹത്തിന്റെ ആയുധങ്ങൾ. പരസ്പര വിദ്വേഷവും തെറ്റിദ്ധാരണയും മൂലം ഉണ്ടാകുന്ന കുടുംബഛിദ്രങ്ങളെ ഇല്ലാതാക്കി എല്ലാവരേയും സമാധാനത്തിന്റെ പൊൻനൂൽകൊണ്ട് ബന്ധിക്കുന്നതിൽ അദ്ദേഹം സമർത്ഥനായിരുന്നു. പ്രേഷിതപ്രവർത്തനത്തിനായി പല സ്ഥലങ്ങളും ചുറ്റി സഞ്ചരിക്കെ സാൻ ഗ്രഗോരിയോ എന്ന സ്ഥലത്തെത്തിയപ്പോൾ ക്ഷീണാധികൃത്താൽ മൂന്നു പ്രാവശ്യം രക്തം ഛർദ്ദിച്ചു. ക്രൂശിതരൂപത്തിൽ നോക്കി പ്രാർത്ഥിച്ചിരിക്കെ ജെരാർദ് മജല്ല ചിറകുകൾ വിരിച്ച് സ്വർഗ്ഗത്തിലേക്ക് പറന്നുപോയി. രക്ഷക സഭയ്ക്കൊരു നായകനും നിരാശർക്കൊരു പിതാവും അനാഥർക്കൊരു സഹോദരനും നഷ്ടപ്പെട്ട ദുഖത്തിൽ ജനം വാവിട്ടുകരഞ്ഞു.

1900 ജനുവരി 10-ാം തിയ്യതി അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഇന്നും അൽഭുതങ്ങൾ വഴി പാതിവ്യത്ത്യത്തിലും ദാമ്പത്യത്തിലും മാതൃത്വത്തിലും സ്ത്രീകളെ സഹായിച്ചു കൊണ്ടിരിക്കുന്നു.

കുടുംബങ്ങളുടെ മധ്യസ്ഥനായ വി.ജെരാർദ് മജല്ലയോട് നമുക്കും പ്രാർത്ഥിക്കാം...

---

## കഴിഞ്ഞ ലക്കം ക്വിസ് മത്സരത്തിൽ ശരിയുത്തരം എഴുതിയവർ

(1) നിവ്യ ആൻഡ്രൂസ് ചിറ്റിലപ്പിള്ളി - സെന്റ് മേരീസ് II (2) ഓമന ലോനപ്പൻ ചാലിശ്ശേരി - സെന്റ് മേരീസ് II (3) റിയ മരിയ യേശുദാസ് ചക്കാലയ്ക്കൽ - വാ. മദർ തെരേസ (4) റോസി ആന്റണി കുറ്റിക്കാടൻ - സെന്റ് ജോസഫ് (5) ഗിൽസ ജോസ് - സെന്റ് മേരീസ് II (6) ലിജി ബിജു മഞ്ഞളി - സെന്റ് ജോൺ I (7) ഹെൽമ സെബാസ്റ്റ്യൻ കാച്ചപ്പിള്ളി - സെന്റ് ഗീവർഗ്ഗീസ് (8) അൽഫോൻസ ദേവസ്സി കിടങ്ങുപറമ്പിൽ - സെന്റ് മേരീസ് II (9) സിയ റൂബിസൺ കിടങ്ങുപറമ്പിൽ - സെന്റ് മേരീസ് II (10) ഷാലി ജെയ്സൺ പന്തലിപ്പാടൻ - ഇൻഫന്റ് ജീസസ് (11) എൽസി ടൈറ്റസ് പുതുശ്ശേരി - സെന്റ് ഗീവർഗീസ് (12) ലിസി ആന്റണി മാളിയേക്കൽ - സെന്റ് ഗീവർഗ്ഗീസ് (13) മാർഗരറ്റ് അന്തോണി - സെന്റ് ജോർജ്ജ് (14) മേഴ്സി ജോയിപാറയ്ക്കൽ - സെന്റ് ഗീവർഗ്ഗീസ് (15) റീമ സിന്റോ താണിപ്പിള്ളി - സെന്റ് സെബാസ്റ്റ്യൻ (16) മേരിജോസ് തെക്കേത്തല - സെന്റ് റോസ്

---

## കഴിഞ്ഞ ലക്കം കളറിംഗ് മത്സര വിജയികൾ


**L.P. വിഭാഗം**

**അലക്സ് സ്റ്റാൻലി**

ചുണ്ടേപറമ്പിൽ വീട്,

സെന്റ് ആന്റണീസ്

ക്ലാസ് III





**U.P. വിഭാഗം**

**സ്നേഹ ജോസ്**

കാഞ്ഞിരപള്ളൻ വീട്,

സെന്റ് സെബാസ്റ്റ്യൻ

ക്ലാസ് VI B

# ആരോഗ്യ ചിന്തകൾ



ജെസ്റ്റിൻ ജോസ് എം.

കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കാണുന്നു. നമ്മുടെ ജീവിത ശൈലികളിലും ഭക്ഷണ രീതികളിലും വന്നിട്ടുള്ള അരുതായ്മകളാണ് ഈയൊരവസ്ഥക്ക് പ്രധാന കാരണം. അതുകൊണ്ടു തന്നെ നമ്മുടെ ഭക്ഷണകാര്യത്തിൽ ചില ശ്രദ്ധാ പൂർവ്വമായ ശീലങ്ങൾ നടപ്പിൽ വരുത്തുമെങ്കിൽ ഈ രോഗത്തെ കുറെ യെങ്കിലും അകറ്റിനിർത്താവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നമുക്ക് ചർച്ചചെയ്യാം.

ദിവസവും ധാരാളം വെള്ളം കുടിക്കുന്ന ശീലം വളർത്തുക. കുറഞ്ഞത് അഞ്ചുലിറ്റർ വെള്ളമെങ്കിലും കുടിക്കണം. വെള്ളം കുടിക്കാൻ പറഞ്ഞിട്ടുണ്ടെന്നു കരുതി സോഡയോ മറ്റു കൃത്രിമ ശീതള പാനീയങ്ങളോ കുടിക്കുന്നത് നന്നല്ല. അതുപോലെ തന്നെ മൈദ ഉപയോഗിച്ചുള്ള പലഹാരങ്ങളും ഭക്ഷ്യ സാധനങ്ങളും നമ്മുടെ ശരീരത്തിനു ചേർന്നതല്ല. കെമിക്കൽ പ്രവർത്തനങ്ങളിലൂടെയാണ് മൈദയെന്ന വെളുത്ത പൊടി ഉണ്ടാക്കുന്നതെന്നറിയുക. ചായ, കാപ്പി, പഞ്ചസാര, പാൽ എന്നിവയുടെ ഉപയോഗം കുറയ്ക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുക. എണ്ണയിൽ വറുത്തതും പൊരിച്ചതുമായ ഭക്ഷണങ്ങൾ ഒഴിവാക്കണം, പ്രത്യേകിച്ച് വറുക്കുന്നതിന് വീണ്ടും വീണ്ടും ഉപയോഗിക്കുന്ന എണ്ണ മാരകമായ രാസവസ്തുവായി മാറുന്ന സാഹചര്യത്തിൽ. എണ്ണ ചൂടാക്കി തണുപ്പിക്കുമ്പോൾ അവ പോളിമറൈസേഷന് വിധേയമാകുന്നുണ്ട്. ആയതിനാൽ അടുത്ത ഉപയോഗത്തിൽ അത് പാചകയെണ്ണയല്ല. ഇറച്ചി പരമാവധി ഉപേക്ഷിക്കണം. ഉണക്കമീനിന്റെ ഉപയോഗം തീർത്തും വർജ്ജിക്കണം. ധാരാളം പച്ചക്കറികൾ കഴിക്കണം. കോവക്ക, വെള്ളരിക്ക, കുക്കുമ്പർ എന്നിവ പാകം ചെയ്യാതെ കഴിക്കുക. നാടൻ മാമ്പഴം, ചക്ക, പപ്പായ, മാതളനാരങ്ങ, പേരയ്ക്ക, ഓറഞ്ച് തുടങ്ങിയ പഴവർഗ്ഗങ്ങൾ ധാരാളം കഴിയ്ക്കാവുന്നതാണ്. കുരുവുള്ള മുന്തിരി അതേപടി കഴിക്കുന്നതാണ് നല്ലത്. ഒരു സ്പൂൺ തേനും പകുതി ചെറുനാരങ്ങാനീരും വെള്ളവും ചേർത്ത് ദിവസവും കഴിക്കുന്നത് നല്ലതാണ്. അതുപോലെതന്നെ നാല് നെല്ലിക്കയെടുത്ത് കുരുകളഞ്ഞ് ജ്യൂസാക്കി അതിൽ അൽപം മഞ്ഞൾ പൊടി ചേർത്ത് ദിവസവും കഴിക്കുന്നത് നല്ലതാണ്. രാത്രി 8 മണിക്ക് ശേഷം ഭക്ഷണം കഴിക്കുന്നത് കഴിവതും ഒഴിവാക്കുക. ചെയ്യാൻ കഴിയുന്ന ചെറുവ്യായാമങ്ങളും യോഗയും ശീലമാക്കുക. സർവ്വശക്തനായ ദൈവത്തിലുള്ള ആശ്രയവും വിശ്വാസവും നമുക്ക് ആത്മവിശ്വാസവും സന്തോഷവും പ്രദാനം ചെയ്യും. സമൂഹത്തിന് നൽകാനാവുന്ന സേവനങ്ങൾ ചെയ്ത് സമൂഹത്തിന് വേണ്ടപ്പെട്ടവരായിത്തീരാൻ ശ്രമിക്കുക.

# സഭാവാർത്തകൾ



സി. ഡെൽസ മരിയ FCC, മാപ്രാണം

**1. പ്രാർത്ഥനയും മിഷനും ക്രൈസ്തവന് പ്രാണവായു : മാർപാപ്പ** ശ്വാസോച്ഛ്വാസം പോലെ ക്രൈസ്തവന് ജീവൻ നൽകുന്നത് സ്തുതിയും പ്രാർത്ഥനയുമാണെന്ന് ഫ്രാൻസീസ് മാർപാപ്പ. ആദ്യത്തേത് സ്തുതിയും പ്രാർത്ഥനയും; അതാണ് അകത്തേക്കുള്ള ശ്വാസം. പിന്നെ പുറത്തേക്കുള്ള ശ്വാസം വരുന്നു. അത് മിഷനെയാണ് പ്രതിനിധാനം ചെയ്യുന്നത്. നവസുവിശേഷവൽക്കരണത്തോടനുബന്ധിച്ച് റോമിൽ നടന്ന 16-ാം അന്താരാഷ്ട്ര കരിസ്മാറ്റിക് കോൺഫ്രൻസിലാണ് മാർപാപ്പ ഇത് വ്യക്തമാക്കിയത്.

**2. വൃദ്ധരെ അവഗണിക്കുന്നത് നിഗൂഢമായ ദയാവധം : വത്തിക്കാൻ** വൃദ്ധർക്കുവേണ്ടിയുള്ള വീടുകൾ ജയിലുകളാക്കരുതെന്ന് വത്തിക്കാൻ. വൃദ്ധ മാതാപിതാക്കളെ പരിഗണിക്കുന്നില്ലങ്കിൽ നമുക്ക് ഭാവിയുണ്ടാവുകയില്ല. അവരുടെ പരിഗണനകളും സ്നേഹവും സ്വീകരിക്കുമ്പോഴാണ് കുടുംബങ്ങൾ മനോഹരമാകുന്നത്. പോപ്പ് എമരിത്തൂസ് ബെനഡിക്ട് പതിനാറാമൻ ചടങ്ങുകളിൽ ശ്രദ്ധാകേന്ദ്രമായി.

**3. സുവിശേഷപ്രവർത്തകൻ ജയിലിൽ കൊല്ലപ്പെട്ടു :** ദൈവനിന്ദകുറ്റം ചുമത്തി രണ്ടുവർഷമായി ജയിലിൽ കഴിയുകയായിരുന്ന സുവിശേഷപ്രവർത്തകൻ സഫാർ ഭാട്ടിയെ റാവൽപിണ്ടിയിലെ പോലീസുകാരൻ കൊലപ്പെടുത്തി. ഭാട്ടിക്ക് സഹതടവുകാരിൽ നിന്നും ജയിൽ അധികാരികളിൽ നിന്നും ഭീഷണിയുണ്ടായിരുന്നതായി ജസ്റ്റീസ് ആന്റ് പീസിന്റെ ഡയറക്ടർ സീസെൽ ഷാനെ ചൗധരി അറിയിച്ചു.

**4. ക്രിസ്തുവിന്റെ വ്യക്തിത്വം ഉൾകൊള്ളണം :** ക്രിസ്തുനാഥന്റെ വ്യക്തിത്വം ഉൾക്കൊള്ളുക എന്നതാണ് ഒരു ക്രൈസ്തവന്റെ ധർമ്മം എന്നും അതിനായി ഇടവക കൂട്ടായ്മ എന്നും കൈകോർത്ത് പ്രവർത്തനങ്ങളിൽ സജീവമാകണമെന്നും സീറോ മലബാർ സഭാ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പറഞ്ഞു.

**5. ഫാ. ജോർജ്ജ് ആലുക്ക മാണ്ഡ്യ രൂപതയുടെ അഡ്മിനിസ്ട്രേറ്റർ :** അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവ് തലശേരി അതിരൂപതയുടെ മെത്രാപോലീത്തയായി ചുമതലയേറ്റെടുത്തതിനെ തുടർന്ന് മാണ്ഡ്യ രൂപതയുടെ താൽക്കാലിക അഡ്മിനിസ്ട്രേറ്ററായി ഫാ. ജോർജ്ജ് ആലുക്കയെ മേജർ ആർച്ചുബിഷപ്പ് നിയമിച്ചു.

**6. 2015 ൽ മാർപാപ്പ അമേരിക്കയിലേക്ക് :** അടുത്ത സെപ്റ്റംബറിൽ ഫിലാഡെൽഫിയായിൽ സഭ സംഘടിപ്പിക്കുന്ന കുടുംബങ്ങളുടെ ലോകസമ്മേളനത്തിൽ പങ്കെടുക്കുന്ന ഫ്രാൻസീസ് പാപ്പ പ്രസിഡന്റ് ബറാക്ക് ഒബാമയുമായി കൂടികാഴ്ച നടത്തും. ജനുവരി 12ന് ശ്രീലങ്കയിലും 16ന് ഫിലിപ്പീൻസിലും മാർപാപ്പ സന്ദർശനം നടത്തും.

**ബാലപംക്തി**



# ക്ഷമയെന്ന സിദ്ധൗഷധം

**ക്രിസ്റ്റിപോളി ആഴ്ചങ്ങാടൻ**

1981 മെയ് മാസത്തിലെ ഒരു ഞായറാഴ്ച. ജമല്ലി ആശുപത്രിയിലെ മുറിയിൽനിന്ന് ഉച്ചഭാഷിണിയിലൂടെ ഒരു നേർത്ത സ്വരം താഴെ തടിച്ചുകൂടിയ പതിനായിരക്കണക്കിനാളുകളിലേക്ക് ഒഴുകിയെത്തി. "എന്നെ വെടിവച്ച യുവാവിനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അയാൾ എന്റെ സഹോദരനാണ്. ഞാൻ സത്യമായും അയാളോട് ക്ഷമിച്ചിരിക്കുന്നു".

1981 മെയ് 13-ാം തിയ്യതി സായാഹ്നത്തിൽ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ വാഹനം മെല്ലെ മുന്നോട്ട് നീങ്ങുകയായിരുന്നു. അദ്ദേഹം കുനിഞ്ഞ് ഒരു കൊച്ചു പെൺകുട്ടിയെ വാരിയെടുത്തു ചുംബിച്ചു. അടുത്ത നിമിഷത്തിൽ രണ്ടു വെടിയൊച്ച കേട്ടു. മാർപാപ്പയ്ക്ക് വെടിയേറ്റു. പിതാവിനെ ആംബുലൻസിൽ കയറ്റി ജമല്ലി ആശുപത്രിയിലെത്തിച്ചു. സർജറി തലവൻ പ്രൊഫ. ഫ്രാൻസെസ്സോ ക്രൂസിറ്റി പാഞ്ഞെത്തി. അദ്ദേഹം അടിവയറു കീറി ശസ്ത്രക്രിയ നടത്തി, 55 സെ.മീ. നീളത്തിൽ ചെറുകുടൽ മുറിച്ച് കളഞ്ഞു. പ്രധാന അവയവങ്ങളെ സ്പർശിക്കാതെയാണ് ബുള്ളറ്റുകൾ കടന്നുപോയത്. നട്ടെല്ലിൽ തട്ടിയില്ല. ആരുടെയോ കരങ്ങൾ ബുള്ളറ്റുകൾ തട്ടിവിട്ടതുപോലെയാണ് തോന്നിയതെന്ന് ഡോക്ടർ പറഞ്ഞു.

64 വർഷങ്ങൾക്കു മുമ്പ്, പാപ്പ ജനിക്കുന്നതിനും മുമ്പ്തന്നെ ഈ വെടിവെയ്പിനെ സംബന്ധിച്ച് മാതാവ് മുന്നറിയിപ്പ് നൽകിയിരുന്നു. 1917 മെയ് 13-ാം തിയ്യതി ഫാത്തിമയിൽ, ഫ്രാൻസിസ്, ജസീന്ത, ലൂസി എന്നീ മൂന്ന് കുഞ്ഞുങ്ങൾക്ക് പരി. അമ്മ പ്രത്യക്ഷപ്പെട്ടു. ലോകത്തെ അറിയിക്കുന്നതിനുവേണ്ടി പല നിർദ്ദേശങ്ങളും അമ്മ അവർക്കു കൊടുത്തു. ലോകത്തിന്റെ പാപ പരിഹാരത്തിനായി ത്യാഗ പ്രവർത്തികൾ ചെയ്യണം; റഷ്യയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കണം; ധാരാളം ജപമാല ചൊല്ലണം. അങ്ങനെ പലതും. ചിലത് രഹസ്യമായി സൂക്ഷിക്കപ്പെട്ടു. ഈ വെടിവെയ്പ്പിനെപറ്റി മൂന്നാം രഹസ്യ സന്ദേശത്തിൽ മാതാവ് മുന്നറിയിപ്പ് നൽകിയിരുന്നു. "ഫാത്തിമ രഹസ്യ സന്ദേശം" ആശുപത്രിയിൽ വരുത്തി പാപ്പ വായിച്ചു. രണ്ടരവർഷങ്ങൾക്കുശേഷം പാപ്പ ജയിലിൽ പോയി വധശ്രമം നടത്തിയ അലി അഗ്കയെ നേരിൽകണ്ട് മാപ്പ് കൊടുത്തു. ഫാത്തിമ മാതാവിന്റെ തിരുസ്വരൂപത്തിൽ പാപ്പ ചാർത്തിയ സ്വർണ്ണ കിരീടത്തിൽ അവിടുത്തെ തുളച്ചുകയറിയ വെടിയുണ്ടകൾ നന്ദിസൂചകമായി സ്ഥാപിച്ചിട്ടുണ്ട്.

പാപ്പയുടെ ക്ഷമിക്കുന്ന കരുണാർദ്രമായ സ്നേഹം നമുക്ക് മനസ്സിലാക്കാൻ കഴിയും. യേശുനാഥൻ മാനവരാശിക്കു നൽകിയ ഏറ്റവും ഉദാത്തമായ മാതൃക ക്ഷമയുടേതായിരുന്നു. തന്നെ കുരിശിലേറ്റിയ പാപികൾക്കുവേണ്ടി പിതാവിനോട് "ഇവർ ചെയ്യുന്നതെന്താണെന്ന് ഇവർ അറിയുന്നില്ല; ഇവരോട് ക്ഷമിക്കേണമേ" എന്ന് പ്രാർത്ഥിക്കുന്ന നമ്മുടെ രക്ഷകൻ..

പ്രിയ കൂട്ടുകാരെ, ക്ഷമ നമ്മുടെ ജീവിതത്തിൽ സന്തോഷമേകുന്നു, ശാന്തിയും സമാധാനവും സംതൃപ്തിയും നൽകുന്നു. നിസാര കാര്യങ്ങൾ പോലും ക്ഷമിക്കുവാനാകാതെ നീറി കത്തുന്ന പക മനസ്സിൽ കൊണ്ടുനടക്കുന്നവർ എത്രയോ പേരുണ്ട് നമുക്ക് ചുറ്റും! പരിശുദ്ധാത്മാവിന്റെ ഫലങ്ങളിൽ ഒന്നാണ് ക്ഷമ. ക്ഷമാശീലം ജീവിതത്തിലെ എല്ലാ പിരിമുറുക്കങ്ങളിൽ നിന്നും നമ്മെ വിമുക്തമാക്കുന്ന സിദ്ധൗഷധമാണ്. പലപ്പോഴും ആത്മീയ പിതാക്കന്മാർ പറയുന്നത് കേൾക്കാം, "ക്ഷമിച്ചു പ്രാർത്ഥിക്കുക; ദൈവാനുഗ്രഹവും സൗഖ്യവും നിങ്ങളിൽ വർഷിക്കപ്പെടും". തിരുവചനം പറയുന്നു. "നിങ്ങൾക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ ബലിവസ്തു അവിടെ വച്ച് അവനുമായി രമ്യതപ്പെട്ടതിനുശേഷം വീണ്ടും വന്ന് ബലിയർപ്പിക്കുക". ഓരോ വിശുദ്ധ ബലിക്കു മുമ്പും നമുക്കോ, നമ്മോടോ, ക്ഷമിക്കാനുള്ളവരെയെല്ലാം ആത്മാർത്ഥമായി സമർപ്പിച്ച് ക്ഷമിച്ച് പ്രാർത്ഥിക്കാം. ഈ പുതുവർഷത്തിൽ പകയില്ലാത്ത, ക്ഷമിക്കുന്ന വ്യക്തിത്വങ്ങളായി മാറുവാനും വളരുവാനും നമുക്ക് ശ്രമിക്കാം. ഏവർക്കും പുതുവർഷാശംസകൾ നേരുന്നു.

## കഴിഞ്ഞ ലക്കം ക്വിസ് മത്സരവിജയി

**ഓമന ലോനപ്പൻ**

ചാലിശ്ശേരി വീട്,

സെന്റ് മേരീസ് യൂണിറ്റ് II



**അഭിനന്ദനങ്ങൾ**

# ലോഗോസ് ക്വിസ് 2014

## റാങ്ക് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ....!



**ആൽബി കൊളപ്രാൻ**
**പ്രീ–പോസ്റ്റുലന്റ്**
സെന്റ് സേവിയർ കോൺവെന്റ്
**7th Rank - Group B**



**റോസി ആന്റണി കുറ്റിക്കാടൻ**
സെന്റ് ജോസഫ് യൂണിറ്റ്
**8th Rank - Group F**



# ജാലകത്തിലൂടെ...

ജെസ്റ്റിൻ ജോസ് എം.

ഈ ലക്കത്തിൽ പുതിയ ഇലക്ട്രിസിറ്റി കണക്ഷനും വാട്ടർ കണക്ഷനും വേണ്ടിയുള്ള നടപടി ക്രമങ്ങളെ പരിചയപ്പെടാം. വയർമാൻ ലൈസൻസ് നമ്പർ സഹിതം അപേക്ഷകന്റെ പേരും വിലാസവും വിശദാംശങ്ങളും ഉൾപ്പെടുത്തി വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം നിശ്ചിതഫീസും നൽകി അസിസ്റ്റന്റ് എഞ്ചിനിയർക്കു നൽകിയാൽ വൈദ്യുത കണക്ഷനുമായി ബന്ധപ്പെട്ട ബുക്ക് ലഭിക്കുന്നു. വയറിംഗ് ലൈസൻസുള്ള വയർമാനെകൊണ്ട് ബുക്കിലെ വയറിംഗിന്റെ അനുമതിയ്ക്കായുള്ള അപേക്ഷ നൽകിയാൽ പരിശോധനയ്ക്കുശേഷം വയറിംഗിനുള്ള അനുവാദം ലഭിക്കും. വയറിംഗ് പൂർത്തീകരിച്ച് ബുക്ക് പൂരിപ്പിച്ച് 50 രൂപ മുദ്രപത്രത്തിൽ എഗ്രിമെന്റ്, പഞ്ചായത്തിൽ നിന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, വസ്തുകരം, തീരുവ രശീതി കോപ്പിയും സഹിതം ഹാജരാക്കുമ്പോൾ പരിശേധനയ്ക്കുശേഷം കൺസ്യൂമർ നമ്പർ ലഭിയ്ക്കുന്നു.

വാട്ടർ അതോറിറ്റി പുതിയ കണക്ഷൻ ലഭിയ്ക്കുന്നതിന് അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർക്കാണ് അപേക്ഷ നൽകേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ഉടമസ്ഥ സർട്ടിഫിക്കറ്റ്/കെട്ടിട നിർമ്മാണ പെർമിറ്റ്, കെട്ടിടത്തിനുള്ളിലെ പ്ലംബിംഗ് പണികൾക്കുള്ള അനുമതിപത്രം, ലൈസൻസുള്ള പ്ലംബർ തയ്യാറാക്കിയ പ്ലാനിന്റെ 4 കോപ്പികൾ, ആവശ്യമായ സ്റ്റാമ്പ് പതിപ്പിച്ച മറുപടി കാർഡ്, പൊതുമരാമത്ത് വകുപ്പിന്റെ/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ /നാഷണൽ ഹൈവേ അതോറിറ്റിയുടെ (ടാർറോഡ് കുഴിയെടുക്കേണ്ടതാണെങ്കിൽ) അനുവാദപത്രം എന്നിവ അപേക്ഷയോടൊപ്പം അടക്കം ചെയ്യണം. അപേക്ഷ പരിശോധിച്ച് താൽക്കാലികാനുമതി ലഭിയ്ക്കും. അനുമതി ലഭിച്ചാൽ 50 രൂപ മുദ്രപത്രത്തിൽ ജലവിതരണ കരാർ ഒപ്പു വയ്ക്കുകയും ISI മുദ്രയുള്ള വാട്ടർമീറ്റർ ഹാജരാക്കുകയും വേണം. നിശ്ചിത ഡെപ്പോസിറ്റും ഫീസും അടയ്ക്കേണ്ടതാണ്. കെട്ടിടത്തിനുള്ളിലും പുറത്ത് വാട്ടർമീറ്റർ വരെയുള്ള പ്ലംബിംഗ് ജോലികൾ പൂർത്തിയാക്കിയ ശേഷം പൂർത്തീകരണ റിപ്പോർട്ട് നൽകുക. പ്ലംബിംഗ് ജോലികൾ പരിശോധിച്ച ശേഷം കണക്ഷൻ ലഭിയ്ക്കും.കണക്ഷൻ നൽകുന്ന ദിവസം തന്നെ പ്രൊവിഷണൽ ഇൻവോയ്സും മീറ്റർ റീഡിംഗ് കാർഡും ലഭിയ്ക്കുന്നതാണ്. വാട്ടർ മീറ്റർ മോഷ്ടിയ്ക്കപ്പെട്ടാൽ ഉടൻ തന്നെ തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ പരാതി നൽകണം. മീറ്റർ പുനഃസ്ഥാപിയ്ക്കുന്നതിനുള്ള അപേക്ഷയോടൊപ്പം FIR കോപ്പികൂടി അടക്കം ചെയ്യേണ്ടതുണ്ട്.

# ക്വിസ്മത്സരം

(1) സാർവ്വത്രികസഭ സമർപ്പിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്നത് ഏതു കാലയളവിലാണ്?
(2) തൃശ്ശൂർ വികാരിയത്ത് സ്ഥാപിക്കപ്പെട്ടത് ഏതു വർഷമാണ്?
(3) "കർത്താവ് എത്ര നല്ലവനാണെന്ന് രുചിച്ചറിയുവിൻ" പുസ്തകം? അദ്ധ്യായം? വാക്യം?
(4) "മാതൃത്വത്തിലൂടെ അവൾ രക്ഷിക്കപ്പെടും" ആര്? എങ്ങിനെ?
(5) മാലിന്യങ്ങളെയും അധികമുള്ള വെള്ളത്തെയും ധാതു ലവണങ്ങളെയും പുറന്തള്ളുന്നത് ശരീരത്തിലെ ഏതു അവയവമാണ്?
(6) ഇന്ദിരാഗാന്ധി ദേശീയ വാർധക്യകാല പെൻഷനായി പ്രതിമാസം ലഭിക്കുന്ന തുക എത്രയാണ്?
(7) എല്ലാ തിന്മകളുടെയും അടിസ്ഥാന കാരണമെന്താണ്?
(8) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ ആരാണ്?
(9) ഭാരതം സന്ദർശിച്ച ആദ്യത്തെ മാർപാപ്പ ആരാണ്?
(10) മച്ചാക്കോസ് രൂപതാധ്യക്ഷന്റെ പേര്?
(11) 'മുന തേഞ്ഞ ഇരുമ്പ് കൂർപ്പിക്കാതിരുന്നാൽ അധികം ശക്തി പ്രയോഗിക്കേണ്ടി വരും'. പുസ്തകം? അധ്യായം? വാക്യം?
(12) സൺഡേ സ്കൂൾ ആരംഭിച്ചത് ആരാണ്?
(13) സങ്കടങ്ങളും വേദനകളും അനുഭവപ്പെടുമ്പോൾ "കുറേക്കൂടി കർത്താവേ, കുറേക്കൂടി" എന്നു പ്രാർത്ഥിച്ചിരുന്ന വിശുദ്ധൻ ആരാണ്?
(14) മോൺ പെല്ലിയി ദൈവാലയത്തിൽ സംസ്കരിച്ചത് ഏതു വിശുദ്ധനെയാണ്?
(15) യൂനിസെഫിന്റെ ദക്ഷിണേഷ്യയുടെ ഗുഡ്‌വിൽ അംബാസിഡർ ആരാണ്?
(16) ലോക മനുഷ്യാവകാശ ദിനം എന്നാണ്?
(17) സെമിനാരി പരിശീലനത്തിൽ 'മിസ്യോളജി' എന്ന വിഷയം ചേർത്തത് ആരാണ്?
(18) "കാന്റിക്കിൾ ഓഫ് ക്രീച്ചേഴ്സ്" എന്ന ഗീതം രചിച്ചത് ആരാണ്?
(19) "മതാത്മകതയിൽനിന്ന് ആത്മീയതയിലേക്ക് നമുക്കു നടക്കാം". ഒരു ബിഷപ്പിന്റെ പ്രസംഗത്തിൽ നിന്നുള്ള വരികളാണിത്. ആരാണീ ബിഷപ്പ്?

---

അവലംബം : ഡിസംബർ ലക്കം ഹോളിവോയ്സ്, കേരളസഭ, വി. പൗലോസ് ശ്ലീഹാ തിമോത്തേയോസിന് എഴുതിയ 1-ാം ലേഖനം : ഉത്തരങ്ങൾ, ഹോളി വോയ്സ് ബോക്സിൽ നിക്ഷേപിക്കേണ്ട അവസാന തിയ്യതി 15-01-2015.

---

**ഡിസംബർ ലക്കം ക്വിസ് മത്സര വിജയി : ഓമന ലോനപ്പൻ, ചാലിശ്ശേരി, സെന്റ് മേരീസ് II.** മത്സരത്തിൽ പങ്കെടുത്ത 17 പേരിൽ 16 പേർ ശരിയുത്തരം എഴുതി.. ഒരാൾ ഉത്തരം പൂർണ്ണമാക്കിയില്ല. 16 പേരിൽ നിന്നും നറുക്കെടുത്ത് ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ വിജയിയെ പ്രഖ്യാപിച്ചു.

# ദമ്പതീസംഗമം

രൂപത ദമ്പതി വർഷാചരണത്തിന്റെ ഭാഗമായി മാപ്രാണം ഇടവക കുടുംബ കൂട്ടായ്മ കേന്ദ്രസമതിയുടെ അഭിമുഖ്യത്തിൽ പള്ളിയിൽ വെച്ച് ദമ്പതി സംഗമം നടത്തി. ഇടവകയിലെ ദമ്പതിമാരെ പ്രായത്തിന്റേയും ദാമ്പത്യ ദൈർഘ്യത്തിന്റേയും അടിസ്ഥാനത്തിൽ 3 ഗണമാക്കി തിരിച്ചാണ് ദമ്പതി സംഗമം നടത്തിയത്. 70 വയസും അതിനുമുകളിലും പ്രായമുള്ള ആദ്യഗ ണത്തിന്റെ സംഗമം 2014 നവംബർ 22-ാം തിയ്യതി ശനിയാഴ്ച്ച നടന്നു. ശാരീ രിക അവശതകളുണ്ടായിട്ടും 100 പേർ ഈ സംഗമത്തിൽ അഭിമാനത്തോ ടെയും സന്തോഷത്തോടെയും പങ്കെടുത്തു. അവരിൽ വന്ദ്യവയോധികയായ മച്ചിങ്ങൽ ഔസേപ്പ് ഭാര്യ അച്ചാരുവും (96 വയസ്), ദാമ്പത്യത്തിന്റ 50 ഉം 60 ഉം വർഷങ്ങൾ പിന്നിട്ടവരും ഉണ്ടായിരുന്നു. മാപ്രാണം ഇടവകയുടെ ചൈത ന്യവും അഭിമാനവുമെന്നാണ് ഈ വൃദ്ധദമ്പതികളെ സ്വാഗത പ്രസംഗത്തിൽ ബഹു. വികാരി ജോസ് മാളിയേക്കൽ അച്ചൻ വിശേഷിപ്പിച്ചത്. വികാരി ജന റാൾ മോൺ. ഡേവീസ് അമ്പൂക്കൻ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. തുടർന്ന് ദമ്പതി വർഷാചരണം രൂപത കൺവീനറും പാക്സ് ഡയറക്ടറു മായ ജോജി കല്ലിങ്ങലച്ചൻ സംസാരിച്ചു. ഇത്ര നീണ്ടകാലം ദാമ്പത്യജീ വിതം തുടരാൻ കഴിഞ്ഞതിൽ കുരിശുമുത്തപ്പനോട് നന്ദിയുള്ളവരാകണ മെന്നും ഇനിയുള്ളകാലം പ്രാർത്ഥന ശുശ്രൂഷയാണ് ഏറ്റെടുക്കേണ്ടതെന്നും കുടുംബത്തിലെ നിങ്ങളുടെ സാന്നിദ്ധ്യം കൊണ്ടുതന്നെ നിങ്ങൾ പ്രാർത്ഥ നയായി മാറണമെന്നും ബഹു. ജോജി അച്ചൻ അവരെ ഉദ്ബോധിപ്പിച്ചു. അതോടെപ്പം ദാമ്പത്യ ജീവിതത്തിലെ സഹനങ്ങൾ ഏറ്റെടുക്കാൻ യുവത ലമുറക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അച്ചൻ പറഞ്ഞു. സംഗമത്തിൽ പങ്കെ ടുത്ത എല്ലാ ദമ്പതികൾക്കും സമ്മാനമായി നൽകിയ തിരുകുടുംബത്തിന്റെ മനോഹരമായ ഫോട്ടോ, ജോജി കല്ലിങ്ങലച്ചൻ വിതരണം ചെയ്തു. തുടർന്നു നടന്ന സ്നേഹവിരുന്നിലും എല്ലാവരും പങ്കെടുത്തു. ജീവിത സായാ ഹനത്തിൽ ഇങ്ങിനെയൊരു അപൂർവ്വ സംഗമത്തിൽ പങ്കെടുക്കാനും ആദ രണം ഏറ്റുവാങ്ങാനും കഴിഞ്ഞതിലുള്ള നിർവൃതി ഓരോ വൃദ്ധദമ്പതിക ളുടെ മുഖങ്ങളിലും തെളിഞ്ഞു കാണാമായിരുന്നു.

നവവിവാഹിതർ മുതൽ രജത ജൂബിലി ആഘോഷിച്ചവർ വരെ യുള്ളവരുടെ സംഗമം ഡിസംബർ 7-ാം തിയ്യതി 3 മുതൽ 5 വരെ നടന്നു. 402 പേർ ഈ സംഗമത്തിൽ പങ്കെടുത്തു. **ക്രൈസ്തവ ദാമ്പത്യം ഒരു ദൈവ വിളി** എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ബഹു. ജോജി കല്ലിങ്ങൽ അച്ചന്റെ ക്ലാസ്സായിരുന്നു. ഈ ഗണത്തിലെ ദമ്പതിമാർക്കായി ഒരുക്കിയിരു ന്നത്. വീഡിയോ ക്ലിപ്പുകളുടെയും ഷോർട്ട് ഫിലിമിന്റേയും സഹായത്തോടെ ജോജി അച്ചൻ നയിച്ച ഈ ക്ലാസ്സ് അത്യന്തം വിജ്ഞാനപ്രദമായിരുന്നു. ചായസൽക്കാരത്തിലും പങ്കെടുത്ത് പുതിയൊരു അവബോധത്തോടെയാണ്

എല്ലാവരും പിരിഞ്ഞുപോയത്.

രജതജൂബിലി പിന്നിട്ടവർ മുതൽ 70 വയസ്സിനു താഴെ പ്രായമുള്ളവരുടെ സംഗമം ഡിസംബർ 14–ാം തിയ്യതി ഞായറാഴ്ച 3.00 മുതൽ 5.00 വരെ നടന്നു. പ്രസിദ്ധ വചന പ്രഘോഷകൻ ബ്രദർ ജെയിംസുകുട്ടി (ഡിവൈൻ ധ്യാനകേന്ദ്രം) ശ്രീ. തോമസ് മാത്യു (ജ്യോതി എഞ്ചി.കോളേജ് അഡ്മിനിസ്ട്രേറ്റർ) എന്നിവരായിരുന്നു ഈ സെഷനിലെ ക്ലാസ് നയിച്ചത്. **ദാമ്പത്യജീവിതം ദൈവത്തോടുള്ള വിശ്വസ്തതയിൽ** എന്നതായിരുന്നു ക്ലാസിന്റെ വിഷയം. ദാമ്പത്യം എത്ര മഹത്തും ഉത്തരവാദിത്വ പൂർണ്ണവുമായ ഒരു ശുശ്രൂഷയാണ് എന്ന കാര്യത്തിൽ പുതിയൊരു അവബോധം, ഈ സംഗമങ്ങളിൽ പങ്കെടുത്ത എല്ലാ ദമ്പതിമാർക്കും ഉണ്ടായിട്ടുണ്ട്. കുടുംബ കൂട്ടായ്മ കേന്ദ്രസമിതിക്കുള്ള ചാരിതാർത്ഥ്യവും അതുതന്നെയാണ്. ചായ സൽക്കാരത്തോടെ ദമ്പതി സംഗമം 2014ന് വിരാമമായി. ദമ്പതി സംഗമങ്ങളിൽ ബഹു. വികാരി റവ. ഫാ. ജോസ് മാളിയേക്കൽ സ്വാഗതവും കുടുംബ കൂട്ടായ്മ കേന്ദ്രസമിതി പ്രസിഡണ്ട് തോമസ് കോപ്പുള്ളി നന്ദിയും പറഞ്ഞു. ട്രസ്റ്റിമാരായ ജോസഫ് കാച്ചപ്പിള്ളി, സൈമൺ ചാക്കോര്യ, ജോസ് ചെങ്ങാലൂക്കാരൻ എന്നിവരുടെ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

# മാതൃസംഘം

2014 ഡിസംബർ 8–ാം തിയ്യതി അമലോൽഭവ മാതാവിന്റെ തിരുനാൾ ഇടവകയിലെ മാതൃസംഘത്തിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. രാവിലത്തെ വി. കുർബ്ബാന മദ്ധ്യേ മാതൃസംഘം അംഗങ്ങൾ കാഴ്ച്ചസമർപ്പണം നടത്തുകയും വി. കുർബാനയ്ക്കു ശേഷം നേർച്ചയപ്പം വിതരണം ചെയ്യുകയും ചെയ്തു. വൈകീട്ട് 3.30ന് ചേർന്ന മീറ്റിംഗിൽ ബഹു.വികാരി റവ.ഫാ. ജോസ് മാളിയേക്കൽ അദ്ധ്യക്ഷനായിരുന്നു. ബഹു. ട്രസ്റ്റിമാരും വിവിധ സംഘടനാ ഭാരവാഹികളും യോഗത്തിൽ സംബന്ധിച്ചു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. പ്രസിഡണ്ട് ശ്രീമതി ലൂസി പോൾ തേയ്ക്കാനത്ത് സ്വാഗതമാശംസിച്ചു. സെക്രട്ടറി ശ്രീമതി റീന ആന്റണി തൊമ്മാന റിപ്പോർട്ട് അവതരിപ്പിച്ചു.ബഹു. മദർ സുപ്പീരിയർ സി. ജീൻമേരി, ട്രസ്റ്റി ശ്രീ. ജോസഫ് കാച്ചപ്പിള്ളി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി പ്രസിഡണ്ട് ശ്രീ. തോമസ് കോപ്പുള്ളി എന്നിവർ ആശംസാപ്രസംഗം നടത്തി. കമ്മിറ്റി അംഗം ശ്രീമതി മേഴ്സി ജോയി പാറയ്ക്കൽ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്നു നടന്ന സ്നേഹവിരുന്നിൽ എല്ലാവരും പങ്കെടുത്തു.

## മരണം

| പേര് | തീയതി | യൂണിറ്റ് |
|---|---|---|
| തൊഴുത്തുംപറമ്പിൽ ദേവസി ജോസഫ് | 30 – 11 – 2014 | സെന്റ്മേരീസ് II |
| പള്ളിത്തറ അന്ത്രയോസ് ഭാര്യ ത്രേസ്യ | 10 – 12 – 2014 | സെന്റ് ജോസഫ് |

# പിന്നിട്ട ലോകം



ജെസ്റ്റോ മാമ്പിള്ളി


- ജനകീയ സിനിമയിലെ ബോളിവുഡ് വിസ്മയമായ ''ദിൽവാലെ ദുൽഹാനിയാ ലേ ജായേംഗേ'' ആയിരം വാരം പൂർത്തിയാക്കി. ഏറ്റവും കൂടുതൽ കാലം തിയറ്ററിൽ പ്രദർശിപ്പിച്ച ബോളിവുഡ് സിനിമയെന്ന ബഹുമതി ഈ ചിത്രത്തിന്.
- യുവ എഴുത്തുക്കാർക്കായി ഏർപ്പെടുത്തിയ സി.ടി.എം.എ. സാഹിത്യ പുരസ്കാരം സന്തോഷ് ഏച്ചിക്കാനത്തിന്.
- മുൻലോക ചെസ് ചാംപ്യൻ വിശ്വനാഥൻ ആനന്ദിന് ലണ്ടൻ ചെസ് ക്ലാസിക്കിൽ കന്നികിരീടം.
- ഇത്തവണത്തെ മിസ് വേൾഡ് മത്സര ചടങ്ങിൽ ഐശ്വര്യറായിയെ ഏറ്റവും വിജയം വരിച്ച ലോകസുന്ദരിയെന്ന പേരിൽ ആദരിച്ചു.
- ഇന്റർ നാഷണൽ റബർ റിസർച്ച് ആന്റ് ഡവലപ്മെന്റ് ബോർഡിന്റെ ചെയർമാനായി ഡോ. ജെയിംസ് ജേക്കബ് തിരഞ്ഞെടുക്കപ്പെട്ടു.
- പോളണ്ടിൽ നടന്ന രാജ്യാന്തര സൗന്ദര്യ മത്സരത്തിൽ ഇന്ത്യക്കാരി ആഷ ഭട്ട് ലോകസുന്ദരി.
- ടൈം മാസികയുടെ ''പേഴ്സൻ ഓഫ് ദി ഇയർ'' ഓൺലൈൻ വോട്ടെടുപ്പിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമായ ഭൂരിപക്ഷത്തോടെ മുന്നിലെത്തി.
- ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെൻഡുൽക്കറുടെ ആത്മകഥ ''പ്ലേയിങ്ങ് ഇറ്റ് മൈ വേ'' പുറത്തിറങ്ങി.
- നോർവേക്കാരൻ മാഗ്നസ് കാൾസൺ, ആനന്ദിനെ കീഴടക്കി ലോക ചെസ് കിരീടം നിലനിർത്തി.
- ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും വേഗമേറിയ സെഞ്ചറി എന്ന റെക്കോർഡ് വെസ്റ്റ് ഇൻഡീസ് ഇതിഹാസം വിവ് റിച്ചാഡ്സിനൊപ്പം പാക്കിസ്ഥാൻ ക്യാപ്റ്റൻ മിസ്ബ ഉൾഹഖ് പങ്കിട്ടു.
- നേപ്പാളിന് ഇന്ത്യയുടെ വക അത്യാധുനിക ഹെലികോപ്റ്റർ ''ധ്രുവ് മാർക്ക് 3'' കൈമാറി.
- കഥക് ഇതിഹാസമെന്ന് അറിയപ്പെടുന്ന കഥക് നർത്തകി സിതാരദേവി അന്തരിച്ചു.
- UPSC ചെയർമാനായി ദീപക് ഗുപ്ത നിയമിതനായി.
- ക്ലോസ് ഇയോഹാനിസ്റ്റ് റുമേനിയയുടെ 5-ാമത്തെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.
- ''ഹാരിപോട്ടർ'' താരം എമ്മ വാട്സൻ ''ഫെമിനിസ്റ്റ് ഓഫ് ദി ഇയർ'' ആയി തിരഞ്ഞെടുക്കപ്പെട്ടു.
- ഇന്ത്യൻ സൂപ്പർലീഗ് ഫുട്ബോളിൽ പ്രഥമകിരീടം അത്‌ലറ്റികോ ഡി കൊൽക്കത്തക്ക്.

കവിത

# എൻ ഈശോ



**Bro. വിക്ടർ തൊമ്മാന**



നീ.....നീ.....നീ..... എൻ ഹൃത്തിൽ വന്നിടും
സ്നേഹമായ് ദൈവത്തിൻ പുത്രനീശോ..... (2)

എൻ കൂടെ കളിക്കുമീശോ
എൻ കൂടെ വസിക്കുമീശോ
എൻ ഹൃത്തിൽ ആശ്വാസമേകും (2)

ഈശോ..... ഈശോ..... എൻ ഹൃത്തിൽ
ആശ്വാസമേകും ഈശോ (2)
(നീ.....നീ.....നീ.....)

തിന്മയിൽ നിന്നകലുമീശോ
നന്മയിൽ അടുക്കുമീശോ
എൻഹൃത്തിൽ ആനന്ദമേകും (2)

ഈശോ.....ഈശോ..... എൻ ഹൃത്തിൽ
ആനന്ദമേകും ഈശോ (2)
(നീ.....നീ.....നീ.....)

# പ്രാർത്ഥനാർപ്പണം



**ചാൾസ് ചാക്കോ**
**സെന്റ് അൽഫോൻസ യൂണിറ്റ്**



കണ്ണീർ വാർത്തു ഞാൻ കരഞ്ഞപ്പോഴെല്ലാം
ആശ്വാസം നൽകാൻ ഓടിവന്നൊരെൻ യേശുനാഥാ
എന്നിലെ ദുഃഖം നീ അറിയേണേ
അതിനാശ്വാസം നൽകേണേ!

ഇന്നലെയോളം നീ തന്ന അനുഗ്രഹങ്ങളോർത്ത്
നന്ദി ഞാൻ നിനക്കേകിടുന്നു.
ജീവിതത്തിൻ വഴികളിൽ ഭാരമേറിടുമ്പോൾ
താങ്ങായ് നീ എന്നിൽ വരേണമെ!

സ്നേഹം മാത്രം തന്നു നീ എന്നെ
ഇത്രയും കാലം നടത്തിയപ്പോൾ
തിരിച്ചൊന്നും നൽകാനായില്ലെങ്കിലുമെൻ യേശുവേ
എന്റെ പ്രാർത്ഥന സ്വീകരിക്കണേ,
പാപിയാം എന്നെ നീ കൈവിടല്ലേ!



# നിങ്ങൾക്കറിയാമോ?

## കിണറുകൾ വൃത്താകൃതിയിൽ കുഴിക്കുന്നതെന്തുകൊണ്ട്

ബീന തോമസ് ചേറേങ്ങാടൻ

നിങ്ങളുടെ വീട്ടുമുറ്റത്തെ കിണറുകൾ ശ്രദ്ധിച്ചിട്ടുണ്ടോ? മിക്ക കിണറുകളും വൃത്താകൃതിയിലാണ് കുഴിച്ചിട്ടുള്ളത്. ഇതിനെന്താണ് കാരണം? കിണറുകൾ വൃത്താകൃതിയിലാണെങ്കിൽ വശങ്ങളിൽ നിന്നുള്ള മർദ്ദം കൊണ്ട് കിണർ ഇടിയുവാനുള്ള സാധ്യത കുറയുമെന്നുള്ളതാണ് ഒരു കാരണം. കൂടാതെ കല്ലുകൾ കൊണ്ട് വൃത്താകൃതിയിൽ കിണർ കെട്ടുകയാണെങ്കിൽ വശങ്ങളിൽ നിന്നും മർദ്ദം വരുമ്പോൾ കല്ലുകൾ കൂടുതലായി അടുത്ത് മണ്ണിടിയുവാനുള്ള പഴുതുകൾ അടയുന്നു. അങ്ങനെ കൂടുതൽ ഉറപ്പു ലഭിക്കുകയും ചെയ്യും.

കിണറിലെ വെള്ളത്തിന്റെ വ്യാപ്തം അതിന്റെ അടിഭാഗത്തിന്റെ വിസ്തീർണത്തെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ കിണർ കെട്ടിപ്പടുക്കാനുള്ള ചിലവ് ചുറ്റളവിന്റെ അനുപാതത്തിലായിരിക്കും നിർണയിക്കുക. അതിനാൽ ഒരു നിശ്ചിത വിസ്തീർണ്ണം ലഭിക്കുവാൻ ഏറ്റവും ചുരുങ്ങിയ ചുറ്റളവുള്ള രൂപം വൃത്തമാണ്. അതുകൊണ്ടാണ് കിണറുകൾ വൃത്താകൃതിയിൽ കുഴിക്കുന്നത്. കിണർ നിർമ്മിക്കാനുള്ള ചിലവ് ചുരുങ്ങുമെന്നുള്ള മറ്റൊരു ഗുണവുമുണ്ട്. ചതുരാകൃതിയിൽ കുഴിച്ചിട്ടുള്ള കിണറുകളും കാണാറുണ്ട്. എങ്കിലും പൊതുവായി കണ്ടുവരുന്ന രീതിയെക്കുറിച്ചാണ് ഇവിടെ പ്രതിപാദിച്ചത്.

---

## ഡിസംബർ ലക്കം ക്വിസ് ശരിയുത്തരങ്ങൾ

(1) വി. അൽഫോൻസാമ്മ (2) ലൂയീസ് റാഫേൽ സാക്കോ (3) നസ്രാണി ദീപിക, മാന്നാനം സെന്റ് ജോസഫ് പ്രസ് (4) ബ്രദർ ഫോർത്തുനാത്തൂസ് (5) വി. എവുപ്രാസ്യ എലുവത്തിങ്കൽ (6) "അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ" പൗലോസ് ശ്ലീഹായും സിൽവാനോസും തിമോത്തേയോസും കൂടെ തെസലോനിക്കാക്കാർക്ക് (7) വി. ജോൺ ബോസ്‌ക്കോ (8) ബെനഡിക്ട് 16-ാമൻ (9) ഹൃദ്രോഗം (10) റവ. ഡോ. പട്ടേരി (11) നൊവോദിഷി സെമിത്തേരി (12) വി. ക്ലെമന്റ് ഒന്നാം പാപ്പ (13) ന്യൂക്ലിയർമാഗ്നറ്റിക്ക് റെസണൻസ് (14) വി. സ്റ്റനിസ്ലാവോസ് കോസ്‌കോ, പോളണ്ട് (15) ഴാങ് ടിറോളിൻ

# സ്നേഹം + കരുതൽ + ബഹുമാനം = ദാമ്പത്യം



**മേരി ജോർജ്ജ് പള്ളിത്തറ**

ഒരിക്കൽ ആന ദമ്പതികൾ ഒരു ദീർഘദൂര യാത്ര പുറപ്പെട്ടു. കുറെ നടന്നപ്പോൾ പിടിയാനക്ക് വല്ലാതെ ദാഹിച്ചു. കൊമ്പനാന പറഞ്ഞു. "നീ അല്പമൊന്ന് ക്ഷമിക്ക്. കുറച്ചുകൂടി കഴിയുമ്പോഴേക്കും എവിടെയെങ്കിലും വെള്ളമുണ്ടാകും. എനിക്കും ദാഹമൊക്കെയുണ്ട്"കുറെ കഴിഞ്ഞപ്പോൾ അവർ ഒരു കിണർ കണ്ടു. വലിയ സന്തോഷത്തോടെ പിടിയാന കിണറ്റിലേക്ക് നോക്കി. വളരെ കുറച്ചു വെള്ളമെ അതിലുള്ളു. ഒരാൾക്കുതന്നെ കുടിക്കാൻ തികയില്ല. അവൾ പറഞ്ഞു. "ചേട്ടൻ കുടിച്ചോ എനിക്കുവേണ്ട, ഞങ്ങൾ പെണ്ണുങ്ങൾക്ക് നല്ല സഹനശക്തിയുണ്ട്." "വേണ്ട നീ കുടിച്ചോ. ഞങ്ങൾ ആണുങ്ങൾക്ക് നല്ല കായികബലമുണ്ട്." കുറെ നേരം കൂടി പിടിച്ചു നില്ക്കാൻ കഴിയും. അപ്പോഴേക്കും വേറെ ഒരു കിണറോ, പുഴയോ, കാണാതിരിക്കില്ല. അവർ പരസ്പരം നീ കുടിച്ചോ, ചേട്ടൻ കുടിച്ചോ എന്നു പറഞ്ഞുകൊണ്ടിരുന്നു. ഒടുവിൽ അവരൊന്നു തീരുമാനിച്ചു. ഒരു കുമ്പിൾ വെള്ളമേ ഉള്ളുവെങ്കിലും രണ്ടുപേർക്കും കൂടി കുടിക്കാം. ഇരുവരും തുമ്പിക്കൈ കിണറ്റിലേക്കിട്ടു. അൽപം കഴിഞ്ഞ് ഇരുവരും തുമ്പിക്കൈ പുറത്തെടുത്തു. ആശ്ചര്യത്തോടെ അവർ പരസ്പരം നോക്കി. എന്തത്ഭുതം! കിണറ്റിലെ വെള്ളം ഒരു തുള്ളിപോലും കുറഞ്ഞിട്ടില്ല!

അഞ്ചപ്പം അയ്യായിരമാക്കി തമ്പുരാൻ വർദ്ധിപ്പിച്ചതു പോലെയുള്ള അത്ഭുതമൊന്നും നടന്നതല്ല. മറിച്ച് ഭാര്യ കുടിച്ചോട്ടെയെന്ന് ഭർത്താവും, ഭർത്താവ് കുടിച്ചോട്ടെയെന്ന് ഭാര്യയും കരുതി ഇരുവരും കുടിച്ചില്ലെന്നതാണ് സത്യം.

പ്രിയരെ, ദാമ്പത്യ ജീവിതം സ്നേഹത്തിന്റെയും കരുതലിന്റെയും പരസ്പര ബഹുമാനത്തിന്റെയും സമന്വയമാണ്. നിങ്ങൾ അന്യോന്യം കടിച്ചു കീറുകയും വിഴുങ്ങുകയും ചെയ്ത് പരസ്പരം നശിക്കാതിരിക്കാൻ ശ്രദ്ധിച്ചു കൊള്ളുവിൻ (ഗലാത്തി 5:15) എന്ന് തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

ദാമ്പത്യത്തിൽ ഭർത്താവിനും ഭാര്യക്കും തുല്യ അവകാശവും തുല്യ ഉത്തരവാദിത്വവും ഉണ്ട്. ഒരു പക്ഷിക്ക് ഇരുചിറകുകളും ഒരുപോലെ അടിച്ചാലെ പറന്നുയരാനാകു. ദാമ്പത്യ ജീവിതത്തിന്റെ ഇരു ചിറകുകളാണ് ഭാര്യയും ഭർത്താവും. ഒരു ചിറകുമാത്രം അടിച്ചാൽ പക്ഷിക്ക് പറന്നുയരാനാകില്ല. നടുവൊടിയും, വീഴും. ഇന്ന് നമ്മുടെ അരമന കോടതികളിൽ വരുന്ന പല വിവാഹ മോചനക്കേസുകളുടെയും അടിസ്ഥാന കാരണം നേരത്തെ പറഞ്ഞ സ്നേഹവും കരുതലും പരസ്പര ബഹുമാനവും ഇല്ലാത്തതാണ്. "ദമ്പതിവർഷത്തിന്റെ അവസാനഘട്ടത്തിലെങ്കിലും ആന ദമ്പതികളുടെ കഥ ഓർക്കണേ"

# ബൈബിൾ കലണ്ടർ : ജനുവരി - 2015

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | **1**<br>മത്താ 1:18-25+ലൂക്കാ 2:21<br>ഫിലി 2:5-11 | **2**<br>ലൂക്കാ 1:39-45<br>റോമ 16:17-20, 25-27 | **3**<br>മത്താ 5:1-12<br>1 പത്രോ 4:12-19 |
| **4**<br>ലൂക്കാ 2:21-35<br>2 തിമോ 2:16-26<br>പുറ 2:1-10 | **5**<br>മത്താ 6:16-21<br>എഫേ 4:7-12 | **6**<br>മത്താ 3:13-17<br>തീത്തോ 3:1-7<br>ഏശ 11:1-5 | **7**<br>യോഹ 2:13-17<br>1 കോറി 6:15-20 | **8**<br>ലൂക്കാ 7:11-17<br>1 കോറി 2:6-10 | **9**<br>മർക്കോ 6:14-29<br>എഫേ 2:19, 3:7 | **10**<br>യോഹ 10:31-39<br>റോമ 9:30-33 |
| **11**<br>ലൂക്കാ 4:16-22a<br>2 തിമോ 3:10-15<br>പുറ 3:1-12 | **12**<br>യോഹ 14:1-6<br>ശ്ലീഹ 14:8-15 | **13**<br>യോഹ 15:1-10<br>1 കോറി 12:12-18 | **14**<br>യോഹ 21:15-19<br>എഫേ 2:11-19 | **15**<br>മർക്കോ 4:35-41<br>1 പത്രോ 5:5-9 | **16**<br>മത്താ 16:13-19<br>2 കോറി 11:21b-31 | **17**<br>മർക്കോ 1:21-28<br>റോമ 10:10-20 |
| **18**<br>യോഹ 17:6-11<br>എഫേ 4:1-6<br>സംഖ്യ 10:29-36 | **19**<br>യോഹ 17:20-26<br>1 കോറി 11:17-22 | **20**<br>മത്താ 10:24-33<br>2 തിമോ 2:1-5 | **21**<br>യോഹ 12:27-33<br>2 കോറി 6:4-10 | **22**<br>മർക്കോ 10:17-22<br>1 കോറി 9:24-27 | **23**<br>മത്താ 10:1-15<br>1 കോറി 4:9-16 | **24**<br>മത്താ 20:1-16<br>1 കോറി 15:1-10 |
| **25**<br>യോഹ 1:29-34<br>ഹെബ്രാ 4:1-10<br>സംഖ്യ 11:11-20 | **26**<br>മത്താ 18:23-35<br>1 തിമോ 6:11-16 | **27**<br>ലൂക്കാ 18:9-14<br>റോമ 12:1-8 | **28**<br>മത്താ 5:13-16<br>1 കോറി 1:18-25 | **29**<br>യോഹ 1:35-42<br>2 കോറി 5:11-14 | **30**<br>മത്താ 23:34-39<br>2 കോറി 4:8-18 | **31**<br>മത്താ 18:1-5<br>ഫിലി 4:4-9 |